കേരള സർക്കാർ

# ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്

# 2013-2014, 2014-15

# സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം

എറണാകുളം

**www.lfa.kerala.gov.in**

**e-mail:doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(പി.6)1987/2015

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 08.01.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 സാമ്പത്തികവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇ.കെ.എം(പി.6)1987/2015

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in

തീയതി : 08.01.2016

# എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14,2014-15 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്

**(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ്നിയമം **-** വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**.)**

എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. പഞ്ചായത്ത് 20.04.2014 മുതൽ 15.11.2015 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും ലഭ്യമാക്കിയ മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഈ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.ജെ.ജോയ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.11.2015 മുതൽ 28.11.2015 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.അജിതൻ ടി.എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി.ജോമോൾ എം.ജോണി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോർജ് പി.വി., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.വി.ജെ.ജോസ് ഫിജോയ്., ഓഡിറ്റർ |
| | കുമാരി. സിനി. ടി.എസ്., ഓഡിറ്റർ, |

## (ബി)നിർവ്വഹണാധികാരികൾ

| പദവി | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.എഫ്. കുര്യാക്കോസ് | 01.04.2013 | 31.03.2015 |
| വൈസ് പ്രസിഡന്റ് | ശ്രീമതി.സൈബാ താജുദ്ദീൻ | 01.04.2013 | 31.03.2015 |
| **സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺസ്** | | | |
| വികസനകാര്യം | ശ്രീ.കെ.എ.നാസർ | 01.04.2013 | 31.03.2015 |
| ക്ഷേമകാര്യം | ശ്രീമതി.മേരി ഡാനിയേൽ | 01.04.2013 | 31.03.2015 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി.ജയശ്രീ പത്മാകരൻ | 01.04.2013 | 31.03.2015 |
| സെക്രട്ടറി | ശ്രീ.ഐസക് മോഹൻ | 01.04.2013 | 04.9.2014 |
| | ശ്രീമതി.ടി.ആർ . കുസുമം, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്ജ്) | 05.09.2014 | 12.9.2014 |
| | ശ്രീ.ഐസക് മോഹൻ | 13.9.2014 | 31.03.2015 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ടി.ആർ . കുസുമം | 23.04.2013 | 31.03.2015 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീ.സതീഷ് കുമാർ എം.ഡി. | 01.04.2013 | 31.3.2015 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.വന്ദന ഗോപാലകൃഷ്ണൻ | 01.04.2013 | 23.05.2013 |
| | ഡോ.കെ.സി.മിനി | 24.5.2013 | 31.03.2015 |
| മെഡിക്കൽ ഓഫീസർ (എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പൻസറി) | ഡോ.ഷീല ടി.ആർ | 01.04.2013 | 31.3.2015 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി കീച്ചേരി) | ഡോ.പി.ലീല ജോസഫ് | 01.04.2013 | 31.03.2015 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ശുഭ കെ നായർ | 01.04.2013 | 31.03.2015 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ആമ്പല്ലൂർ) | ശ്രീമതി.സുഗുണ ടി.പി | 01.04.2013 | 01.02.2014 |
| | ശ്രീ.സിബിൻ ഇ.പി. (അധിക ചുമതല) | 02.02.2014 | 14.02.2014 |
| | ശ്രീമതി.രാജി | 15.02.2014 | 31.03.2015 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുലയറ്റിക്കര) | ശ്രീ.സിബിൻ ഇ.പി. | 01.04.2013 | 31.03.2015 |
| ഹെഡ് മാസ്റ്റർ, ജി.യു.പി. എസ്. കീച്ചേരി (2014-15-ൽ പ്രോജക്ട് ഇല്ല) | ശ്രീ.പി.കെ.സോമൻ | 01.04.2013 | 31.03.2014 |
| ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ്. കാഞ്ഞിരമറ്റം(2013-14-ൽ ജി.യു.പി.എസ്.മുഖേനയാണ് പ്രോജക്ട് നടപ്പിലാക്കിയത്) | ശ്രീമതി.ഖദീജ കെ.എ. | 01.04.2014 | 31.03.2015 |
| വെറ്ററിനറി സർജൻ | ഡോ.സൈറ ഗോവിന്ദ കുറുപ്പ് | 01.04.2013 | 24.04.2013 |
| | ഡോ.സലീം. കെ. മാണിക്ഫാൻ | 25.04.2013 | 31.03.2015 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ലാൽ പ്രസാദ് | 01.04.2013 | 03.06.2014 |
| | ശ്രീ.പ്രദീപ് പി. | 04.06.2014 | 31.03.2015 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.മനോജ് കുമാർ. എം. | 01.04.2013 | 31.03.2015 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-12 | |
| 13 | പൊതുടാപ്പുകൾ | 1-13 | |
| 14 | ഗ്രാമസഭ | 1-14 | |

| | | | |
|---|---|---|---|
| 15 | തുക തിരിച്ചടച്ചത്. | 1-15 | |
| | **ഭാഗം - 2** | | |
| 16 | സാംഖ്യ രസീതുകൾ -റദ്ദ് ചെയ്തത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല | 2-1 | |
| 17 | ഡി & ഒ ലൈസൻസ് അപേക്ഷകൾ കൈകാര്യം ചെയ്തതിലുള്ള അപാകതകൾ | 2-2 | |
| 18 | പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പിലാക്കിയില്ല | 2-3 | |
| 19 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-4 | |
| 20 | തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് | 2-5 | |
| | **ഭാഗം -3** | | |
| 21 | സർവ്വീസ് ബുക്ക് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 3-1 | |
| 22 | ദിവസ വേതനത്തിൽ ജോലി ചെയ്ത എൻ.ആർ.ഇ.ജി എസ് ഓവർസീയർക്ക് അധികം വേതനം നൽകി. | 3-2 | |
| 23 | സാമൂഹ്യ ജാതി സെൻസസ് -ക്വട്ടേഷൻ ക്ഷണിച്ചതിലെ അപാകതകൾ | 3-3 | |
| 24 | വിവിധ കാരണങ്ങളാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-4 | |
| 25 | പട്ടിക ജാതി ഭവന പുനരുദ്ധാരണം അപാകതകൾ | 3-5 | |
| 26 | ഗാർഹിക വാട്ടർ കണക്ഷൻ (എസ്.സി.പി) അനർഹർക്ക് സാമ്പത്തിക സഹായം അനുവദിച്ചു. | 3-6 | |
| 27 | പ്രോജക്ട് വിഭാവനം ചെയ്യാതിരുന്ന കാര്യത്തിനായി തുക ചെലവഴിച്ചു | 3-7 | |
| 28 | മില്ലുങ്കൽ പുത്തൻകാവ് റോഡിൽ സ്ഥാപിച്ച നിരീക്ഷണ ക്യാമറ പ്രവർത്തനരഹിതം | 3-8 | |
| 29 | വെറ്റിനറി ഡിസ്പെൻസറിക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതിയിലെ അപാകതകൾ | 3-9 | |
| 30 | വിവിധ കാരണങ്ങളാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു - കൃഷി ഓഫീസർ | 3-10 | |
| 31 | തൊഴുത്ത് നിർമാണത്തിന് സബ്സിഡി എന്ന പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ | 3-11 | |
| 32 | കാഞ്ഞിരമറ്റം ജി എൽ.പി.എസ്. അറ്റകുറ്റപ്പണി - പെയിന്റിങ്ങിന് അധിക നിരക്കും തുകയും നൽകിയത്. | 3-12 | |
| 33 | ചെയ്ത അളവിനേക്കാൾ കൂടുതൽ അളവ് കണക്കാക്കി തുക നൽകി. | 3-13 | |
| 34 | കോട്ടായിൽ റോഡ് റീടാറിംഗ് - അധിക നിരക്ക് നൽകി- അധിക ചെലവ് -14588/-രൂപ | 3-14 | |
| 35 | മൃഗാശുപത്രി അറ്റകുറ്റപ്പണിയും സ്റ്റോർ റൂം നവീകരണവും. | 3-15 | |
| 36 | ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് 2012-13, 2013-14, 2014-15 വർഷങ്ങളിൽ സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും നടത്തിയ വാങ്ങലുകൾ സംബന്ധിച്ച പ്രത്യേക പരിശോധനാ റിപ്പോർട്ട് | 3-16 | |
| | **ഭാഗം - 4** | | |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 38 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 42 | ഓഡിറ്റ് റിക്കവറി | 4-6 | |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 46 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2013-14 | അനുബന്ധം.1 | |
| 47 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2014-15 | അനുബന്ധം.2 | |
| 48 | ബാലൻസ് ഷീറ്റ് 2013-14 | അനുബന്ധം.3 | |
| 49 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2013-14 | അനുബന്ധം.4 | |

| | | | |
|---|---|---|---|
| 50 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2013-14 | അനുബന്ധം.5 | |
| 51 | ബാലൻസ് ഷീറ്റ് 2014-15 | അനുബന്ധം.6 | |
| 52 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2014-15 | അനുബന്ധം.7 | |
| 53 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2014-15 | അനുബന്ധം.8 | |

# ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 വർഷങ്ങളിലെ ബജറ്റ് യഥാക്രമം 23.03.2013 ലെ തീരുമാനം1, 17.02.2014 ലെ തീരുമാനം 1 എന്നിവ പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവുകളുടേയും യഥാർത്ഥ വരവുചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | 2013-14 | | 2014-15 | |
|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് |
| ബജറ്റ് പ്രകാരം | 125225000 | 126202100 | 144926050 | 145891700 |
| വാർഷിക കണക്കുകൾ പ്രകാരം | 50599072 | 49582073 | 64692444 | 54931457 |
| വ്യത്യാസം | 74625928 | 76620027 | 80233606 | 90960243 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യവുമായി ബന്ധപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ ഇനം തിരിച്ച് താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2014 | 26.05.2014 |
| 31.07.2015 | 31.07.2015 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2013-14 | 18.9.2014 | എൽ.എഫ്.ഇ.(പി.ജി)1811(3)/14 തീയതി 05.1.2015<br>(വിശേഷണങ്ങളില്ലാത്ത സർട്ടിഫിക്കറ്റ്) |
| 2014-15 | 22.09.2015 | സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടില്ല |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

### 1-4 സാമ്പത്തിക വിശകലനം

| വർഷം | **2013-14** | **2014-15** |
|---|---|---|
| മുന്നിരിപ്പ് | 6982476 | 8002475 |
| വരവ് | 50599072 | 64692444 |
| ആകെ | 57581748 | 72694919 |

| | | |
|---|---|---|
| ചെലവ് | 49579273 | 54931457 |
| നീക്കിയിരിപ്പ് | 8002475 | 17763462 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | 2013-14 | 2014-15 |
|---|---|---|
| വസ്തു നികുതി | 395082 | 1161202 |
| തൊഴിൽ നികുതി | 7100 | 8400 |
| വാടക | 47251 | 48171 |
| മാർക്കറ്റ് രസീത് | - | 3334 |
| ഡി&ഒ ലൈസൻസ് ഫീ | 132300 | - |

പഞ്ചായത്തിന് ലഭിക്കുവാനുള്ള മുഴുവൻ തുകകളും കുടിശ്ശികയില്ലാതെ യഥാസമയം പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം

**2013-14**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 14697 | 7287000 | 7301697 | 6860125 | 441572 | 93.95 |
| എസ്.സി.പി. | 1634209 | 4080000 | 5714209 | 4208731 | 1505478 | 73.65 |
| ടി.എസ്.പി. | 0 | 4000 | 4000 | 0 | 4000 | 0 |
| സംരക്ഷണഗ്രാന്റ്- റോഡ് | 404172 | 5470000 | 5874172 | 5833069 | 41103 | 99.30 |
| സംരക്ഷണ ഗ്രാന്റ് - നോൺറോഡ് | 708055 | 1990000 | 2698055 | 2072410 | 625645 | 76.81 |
| 13-ാംധന കാര്യകമ്മീഷൻ ഗ്രാന്റ് | 88733 | 3906263 | 3994996 | 3693220 | 301776 | 92.44 |
| പെർഫോമൻസ് ഗ്രാന്റ്- ലോകബാങ്ക് | 146647 | 2112000 | 2258647 | 2173486 | 85161 | 76.03 |
| എം.എൻ.ആർ.ഇ.ജി.എസ്. | 11277 | 843110 | 854387 | 814177 | 40210 | 95.29 |
| ബി ഫണ്ട് | 0 | 13200690 | 13200690 | 13200690 | 0 | 100 |

**2014-15**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 441572 | 7253000 | 7694572 | 7343658 | 350914 | 95.44 |
| എസ്.സി.പി. | 1505478 | 4616000 | 6121478 | 3580691 | 2540787 | 58.49 |
| ടി.എസ്.പി. | 4000 | 5000 | 9000 | 0 | 9000 | 00.00 |
| സംരക്ഷണഗ്രാന്റ് -റോഡ് | 41103 | 6397000 | 6438103 | 4934496 | 1503607 | 76.65 |
| സംരക്ഷണഗ്രാന്റ്- നോൺറോഡ് | 625645 | 2232000 | 2857645 | 2439466 | 418179 | 85.37 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 301776 | 5349865 | 5651641 | 5074117 | 577524 | 89.78 |
| പെർഫോമൻസ് ഗ്രാന്റ്- ലോകബാങ്ക് | 85161 | 2548000 | 2633161 | 85161 | 2548000 | 3.24 |
| എം.എൻ.ആർ.ഇ.ജി.എസ്. | 40210 | 551915 | 592125 | 587235 | 4890 | 99.17 |
| ബി ഫണ്ട് | 0 | 17959656 | 17959656 | 17959656 | 0 | 100 |

2014-15 വർഷത്തിൽ വികസന ഫണ്ട് പൊതു വിഭാഗം ഫണ്ടിൽ 9,00,000/-രൂപ വോട്ടിംഗ് മെഷീന് വേണ്ടി ഉത്ഭവ സ്ഥാനത്ത് കുറവ് ചെയ്ത തുക ധനകാര്യപത്രികയിലെ വരവുചെലവുകളിൽ ഉൾപ്പെടുത്താത്തതിനാൽ മേൽ കണക്കുകളിൽ

ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതി വിഹിതം ലഭിച്ചതിൽ എസ്.സി.പി.ഫണ്ട് 2014-15 വർഷത്തിൽ ചെലവഴിക്കുന്നതിൽ പഞ്ചായത്തിന് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. 2014-15 വർഷത്തിൽ 25,40,787/-രൂപയാണ് നീക്കിയിരുപ്പുള്ളത്. 2014-15 വർഷത്തിൽ പെർഫോർമൻസ് ഗ്രാന്റ്-ലോക ബാങ്ക് ധനസഹായമായി ലഭിച്ച 25,48,000/-രൂപ ചെലവഴിക്കാതെ ബാക്കിനിൽക്കുന്നു. പഞ്ചായത്തിനു ലഭിക്കുന്ന മുഴുവൻ തുകകളും അതാതു വർഷം തന്നെ ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിക്ക് ഇ.എഫ്.എം.എസ്. മുഖേന ലഭിച്ച തുകകൾ വരവുചെലവു കണക്കുകളിൽ ഉൾപ്പെടുത്താത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. 2013-14 വർഷത്തിൽ 66,62,235/- രൂപയും 2014-15 വർഷത്തിൽ 48,26,819/- രൂപയുമാണ് ഇപ്രകാരം ട്രാൻസ്ഫർ ചെയ്തിട്ടുള്ള തുക.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2013-14 | 129 | 37340211 | 97 | 27209240 | 14 | 18 | 86 |
| 2014-15 | 173 | 43479082 | 101 | 26255231 | 24 | 48 | 78 |

**<u>ഉപേക്ഷിച്ച പ്രോജക്ടുകൾ</u>**

**<u>2013-14</u>**

| | | |
|---|---|---|
| (എ) | S.0046/14 | കീച്ചേരി ഗവ.യു.പി.സ്കൂളിന് ബയോഗ്യാസ് പ്ലാന്റ് |
| (ബി) | S.0113/14 | കീഴ്ത്തങ്കൽ റോഡ് കോൺക്രീറ്റിംഗ് |
| (സി) | S.0095/14 | മില്ലുങ്കൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്ന സ്ഥലത്തിന്റെ മണ്ണു പരിശോധന |
| (ഡി) | S.0125/14 | പട്ടിക വർഗ്ഗക്കാർക്ക് കക്കൂസ് നിർമ്മാണം |

**<u>2014-15</u>**

| | | |
|---|---|---|
| (എ) | S.0109/15 | കൊയ്ത്തുമെതി യന്ത്രം അറ്റകുറ്റപ്പണി |
| (ബി) | S.0139/15 | കാർഷിക തൊഴിൽ സേന രൂപീകരണം |
| (സി) | S.0151/15 | മില്ലുങ്കൽ പുത്തൻകാവ് റോഡ് വെബ് ക്യാമറ തുടർ പ്രവർത്തനം |
| (ഡി) | S.0154/15 | മാർക്കറ്റുകളിലെ ഇറച്ചി സ്റ്റാളുകൾ റിപ്പയർ ചെയ്യൽ |
| (ഇ) | S.0104/15 | വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിന് പോകുന്നവർക്ക് ധനസഹായം നൽകൽ |

പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ നടപ്പിലാക്കുവാൻ കഴിയുമെന്നുറപ്പു വരുത്തി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മില്ലുങ്കൽ പുത്തൻകാവ് റോഡ് വെബ് ക്യാമറ തുടർ പ്രവർത്തനം പ്രോജക്ട് ഉപേക്ഷിച്ചതിന്റെ ഫലമായി, നിലവിൽ വെബ് ക്യാമറ പ്രവർത്തന രഹിതമായി കിടക്കുകയാണ്. തുടർ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2013-14 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയും പ്രകാരം 24.18ശതമാനത്തിന്റെ കുറവും 2014-15 സാമ്പത്തിക വർഷത്തിൽ 116 ശതമാനം വർദ്ധനവും ഉണ്ടായിട്ടുണ്ട്.

**2013-14**

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2563481 | 2007774 | -555707 | (-)21.67 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 1041070 | 726395 | -314675 | (-)30.23 |
| മറ്റുവരവുകൾ | 2215 | 350 | -1865 | (-)15.80 |
| ആകെ | 3606766 | 2734519 | -872247 | (-)24.18 |

**2014-15**

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2007774 | 5109049 | 3101275 | (+)154 |
| നികുതിയേതരവരവുകൾ | 726395 | 741828 | 15433 | (+)2 |
| മറ്റുവരവുകൾ | 350 | 66005 | 65655 | (+)18758 |
| ആകെ | 2734519 | 5916882 | 3182363 | (+)116 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2013-14 | | 2014-15 | |
|---|---|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 153600 | 236 | 324120 | 188 |
| കർഷകത്തൊഴിലാളി പെൻഷൻ | 4337997 | 937 | 5915580 | 947 |
| വിധവാപെൻഷൻ | 5343980 | 760 | 5653876 | 803 |
| വാർദ്ധക്യകാല പെൻഷൻ | 426330 | 123 | 3074495 | 756 |
| വികലാംഗ പെൻഷൻ | 2224215 | 469 | 2504715 | 308 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 346605 | 42 | 364560 | 46 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 120000 | 4 | 90000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.11.2015ന് സ്ഥാപനത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തിയതിൽ ക്യാഷ് ബാലൻസ് 4,340/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

**(എ)** **ആസ്തി രജിസ്റ്റർ.** ആസ്തി രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികളുടെ വിവരം അതാതു വർഷം തന്നെ ആസ്തി രജിസ്റ്ററിൽ ചേർത്ത് രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

**(ബി)** സാംഖ്യ സോഫ്റ്റ് വെയർ മുഖേന ലഭിക്കുന്ന വൗച്ചറുകളുടെ പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടില്ല. ആയത് പാലിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.11.2015 മുതൽ 13.11.2015 വരെ | 10/2015 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.07.2008 മുതൽ03.07.2008വരെയും, 07.07.2008 മുതൽ 16.07.2008വരെയും | 1997-98മുതൽ 2007-08 വരെ | 29.08.2008 |

## 1-12 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

**(എ) <u>ടി.പി.എ. അക്കൗണ്ട്.</u>**

വാർഷിക ധനകാര്യപത്രിക പ്രകാരം മുളന്തുരുത്തി സബ്ട്രഷറിയിൽ ടി.പി.എ.-37 നമ്പർ അക്കൗണ്ടിൽ 71,415/-രൂപ നീക്കിയിരുപ്പുണ്ട്.അന്വേഷണത്തിൽ മുളന്തുരുത്തി സബ്ട്രഷറി ഓഫീസറുടെ 12.10.2015 ലെ കത്ത് നം.A3/1236/15 പ്രകാരം ഈ അക്കൗണ്ടിൽ 25.4.2003 മുതൽ യാതൊരു വിധ ഇടപാടുകളും ഇല്ലാതിരുന്നതിനാൽ 26.9.2008 ൽ ടി- അക്കൗണ്ട് ക്ലോസ് ചെയ്ത് അന്നേ ദിവസം നീക്കിയിരുപ്പുണ്ടായിരുന്ന 71415/- രൂപ ചെക്ക് നം.61/24.09.2008 പ്രകാരം 26.9.2008 ൽ റവന്യൂ ഡെപ്പോസിറ്റിലേക്ക് മാറ്റിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് കണക്കുകളിൽ നിന്നും ഈ തുക കുറവ് ചെയ്യേണ്ടതാണ്.

**(ബി) <u>ഡി. & ഒ. ലൈസൻസ് ഫീ – ധനകാര്യ പത്രികയിൽ 132300/- രൂപ കുടിശ്ശിക</u>**

2013-14 ലെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ ഡി & ഒ. ലൈസൻസ് ഫീസിനത്തിൽ 132300/- രൂപ പിരിച്ചെടുക്കാനുണ്ട്. ഈ വർഷത്തെ ഡി & ഒ രജിസ്റ്ററിലെ ഡിമാൻഡ് - കളക്ഷൻ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഡിമാൻഡ് | 2013-14 ലെ കളക്ഷൻ | 2012-13 ലെ അഡ്വാൻസ് കളക്ഷൻ | ബാലൻസ് | 2013-14 ലെ അഡ്വാൻസ് കളക്ഷൻ |
|---|---|---|---|---|
| 115700 | 49550 | 66150 | ഇല്ല | 75100 |

രജിസ്റ്ററിൽ നിന്ന് വ്യത്യസ്തമായ രീതിയിൽ ധനകാര്യ പത്രികയിൽ വിവരങ്ങൾ ചേർത്തത് എന്തുകൊണ്ടാണെന്നും, ഇത്രയും തുക കുടിശ്ശികയായി വന്നത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കേണ്ടതാണ്.

## 1-13 പൊതുടാപ്പുകൾ

സ.ഉ.(സാ.)1275/2009/ത.സ്വ.ഭ.വ. തീയതി 30.05.2009 പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതും കൂടാതെ ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളുവെന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി ജലം ലഭ്യമാകുന്ന എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിഷ്കർഷിക്കുന്നു. ആയതിന്മേൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതും എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കേണ്ടതുമാണ്.

### 1-14 ഗ്രാമസഭ

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 വകുപ്പ് 3 പ്രകാരം മൂന്നു മാസത്തിലൊരിക്കൽ ഗ്രാമസഭായോഗം ചേരേണ്ടതുണ്ട്. പഞ്ചായത്തിലെ വാർഡുകളിൽ ശരാശരി മൂന്നുയോഗങ്ങൾ മാത്രമാണ് ഓരോ വർഷവും ചേർന്നിട്ടുള്ളത്. മേൽപ്പറഞ്ഞ ചട്ടം പാലിച്ചു കൊണ്ട് മൂന്നുമാസത്തിലൊരിക്കൽ നിർബന്ധമായും ഗ്രാമസഭകൾ യോഗങ്ങൾ ചേരേണ്ടതാണ്.

### 1-15 തുക തിരിച്ചടച്ചത്.

വിവിധയിനങ്ങളിലായി പഞ്ചായത്തിന് നഷ്ടമായ തുക ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് 2,250/- രൂപ 21.11.2015 ലും, 3,000/- രൂപ 28.11.2015-ലും കൂടി ആകെ 5,500/- രൂപ അടവാക്കിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സാംഖ്യ രസീതുകൾ - റദ്ദ് ചെയ്തത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

സാംഖ്യ രസീതുകൾ ഓഡിറ്റ് കാലയളവിൽ ധാരാളം റദ്ദ് ചെയ്തിട്ടുണ്ട്. ഇവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. റദ്ദ് ചെയ്യുന്ന സാംഖ്യ രസീതുകളുടെ കൗണ്ടർഫോയിലുകൾക്കൊപ്പം അസ്സലും സൂക്ഷിച്ച്, അവ സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

### 2-2 ഡി.&ഒ. ലൈസൻസ് അപേക്ഷകൾ കൈകാര്യം ചെയ്തതിലുള്ള അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഒരു ദിവസത്തെ വരുമാനം അല്ലെങ്കിൽ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിര ശക്തി എന്നിവ അടിസ്ഥാനമാക്കിയാണ് ഡി.&ഒ. ലൈസൻസ് ഫീസ് കണക്കാക്കുന്നത്, നിരവധി അപേക്ഷകളിൽ ഈ വിവരങ്ങളും, യന്ത്രത്തിനുള്ള ഫീസിന്റെ പിഴ കണക്കാക്കുന്നതിനാവശ്യമായ അപേക്ഷ തീയതിയും രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുമ്പോൾ ആവശ്യമായ വിവരങ്ങൾ ചേർത്തിട്ടുണ്ട് എന്നുറപ്പു വരുത്തേണ്ടതാണ്.

### 2-3 പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പിലാക്കിയില്ല.

19.11.2013 ലെ 6(2) നമ്പർ തീരുമാനപ്രകാരം കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് എടുക്കുന്നവരിൽനിന്ന് ക്ലീനിംഗ് ചാർജ്ജായി 500/- രൂപ വാടകയോടൊപ്പം ഈടാക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. ഈ തീയതിക്കുശേഷം കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും കമ്മിറ്റിതീരുമാന പ്രകാരമുള്ള ക്ലീനിംഗ് ചാർജ്ജ് ഈടാക്കിയിട്ടില്ല, ഇതു മൂലം ഉണ്ടായ നഷ്ടത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | കമ്മ്യൂണിറ്റിഹാൾ വാടകയ്ക്ക് നൽകിയതീയതി | വാടകക്കാരന്റെ പേര് | ഈടാക്കിയ തുക, രസീത് നം/ തീയതി(രജിസ്റ്റർപ്രകാരം) | ഈടാക്കേണ്ടത് | ഈടാക്കേണ്ടതിൽ കുറവ് |
|---|---|---|---|---|---|
| 1 | 19.12.13 | എൻ.വി.രാജൻ | 1000/-10352/10.12.13 | 1500/- | 500 |
| 2 | 04.01.14 | ടി.പി.ചാക്കോ | 2000/-103256/16.12.13 | 2500/- | 500 |
| 3 | 15.01.14 | സജിത്ത് വി | 1000/-103732/15.01.14 | 1500/- | 500 |
| 4 | 03.05.14 | മിനി തോമസ് | 2000/-105404/10.03.14 | 2500/- | 500 |
| (ആകെ )2013-14 | | | | | 2000 |
| 5 | 01.05.14 | അനു കെ പി | 2000/-100073/04.04.14 | 2500/- | 500 |

| | | | | | |
|---|---|---|---|---|---|
| 6 | 15.05.14 | പ്രസിഡണ്ട് , വ്യാപാര വ്യവസായ ഏകോപന സമിതി | 1000/-100368/29.4.14 | 1500/- | 500 |
| 7 | 09.11.2014 | സാവിത്രി പ്രകാശൻ | 2000/-11402101361/7.7.2014 | 2500/- | 500 |
| 8 | 02.11.14 | പി.പി. രാമകൃഷ്ണൻ | 1000/-1011475/14.07.14 | 1500/- | 500 |
| | | ---"--- | 1000/-10310/14.8.14 | 1500/- | 500 |
| 9 | 18.10.14 | മെൽവിൻ ജോർജ്ജ് | 2000/1140103596/23.8.14 | 2500/- | 500 |
| 10 | 14.9.14 | രാജു സി ഡി | 2000 /-11402103603/25.8.2014 | 2500/- | 500 |
| 11 | 28.9.14 | എസ്.സി.ബി.,സെക്രട്ടറി | 1000/-1140210411 7/04.9.2014 | 1500/- | 500 |
| 12 | 03.11.14 | സെബാസ്റ്റ്യൻ ജോസഫ് | 2000/-11402106742/13.10.2014 | 2500/- | 500 |
| 13 | 25.01.15 | സി.പി.ബാഹുലേയൻ | 2000/-11402106799/15.10.2014 | 2500/- | 500 |
| 14 | 24.11.14 | പോൾ സി കെ | 2000/-11402106922/18.10.2014 | 2500/- | 500 |
| 15 | 07.12.14 | സെക്രട്ടറി, കേരള കലാക്ഷേത്ര | 2000/-11402107056/25.10.2014 | 2500/- | 500 |
| 16 | 23.11.14 | ആവിര ഉലഹന്നാൻ | 2000/-11402107176/01.11.2014 | 2500/- | 500 |
| 17 | 28.12.14 | കേരള വിശ്വകർമ്മ സഭ | 1000/-11402107628/8.12.14 | 1500/- | 500 |
| 18 | 22.03.15 | ജയൻ | 2000/-11402108544/03.02.2015 | 2500 | 500 |
| 19 | 30.4.2015 | ഗോപി | 2000/-11402110518 / 26.03.2015 | 2500/- | 500 |
| ആകെ (2014-15) | | | | | 8000 |
| ആകെ നഷ്ടം | | | | | 10000/- |

ഈ നഷ്ടം ഗുണഭോക്താക്കളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-4 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിലെ വിവിധ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | കരാറുകാരുടെ പേരു വിവരം |
|---|---|
| 1 | ശ്രീ.വി.പി. തങ്കച്ചൻ , വാക്കനാൽ ഹൗസ് , കാഞ്ഞിരമറ്റം |
| 2 | ശ്രീ.പി.ചാക്കോ , ദീപ നിവാസ് , ബ്രഹ്മമംഗലം |
| 3 | ശ്രീ.സാം ജോസഫ് , കാലയിൽ ഹൗസ് , കുലയറ്റിക്കര പി.ഒ |
| 4 | ശ്രീ.ബിജു മോൻ ഏലിയാസ് , മാമ്പിള്ളി ഹൗസ് , ബ്രഹ്മമംഗലം |
| 5 | ശ്രീ.മോൻസി അബ്രഹാം , തെക്കിലക്കാട്ടിൽ ഹൗസ് ,കുന്നക്കൽ പി.ഒ |
| 6 | ശ്രീ.കെ.എൻ.ശശിധരൻ , മുത്തയിൽ ഹൗസ് , എടക്കാട്ടുവയൽ |
| 7 | ശ്രീ.രാമചന്ദ്രൻ നായർ , പുളിക്കം പുറത്ത് മാമലശ്ശേരി |
| 8 | ശ്രീ.സിജു മോൻ പി ജോസഫ്, പുല്ലംപറയിൽ , എലഞ്ഞി പി ഓ |
| 9 | ശ്രീ.സാജി പി പീറ്റർ, പുളിമൂട്ടിൽ , കാഞ്ഞിരമറ്റം |
| 10 | ശ്രീ.എം.എൻ. പ്രഭാകരൻ , മാളിയേക്കൽ , പങ്ങാറപ്പിള്ളി |
| 11 | ശ്രീ.വി.വി. പൗലോസ് തിരുവാങ്കുളം |
| 12 | ശ്രീ.ബിജു കുമാർ സി , കൈതക്കുഴി ഹൗസ് , പുതുവശ്ശേരി |
| 13 | ശ്രീ.റിജോ മാത്യൂ, കല്ലറക്കൽ കടവിൽ , ഉദയംപേരൂർ |
| 14 | ശ്രീ.ടി.എസ്.അശോകൻ , പടിഞ്ഞാതറയിൽ , കരിപ്പാടം |
| 15 | ശ്രീ.ടി.ടി സുനിൽ , തട്ടാർകേലിൽ , കരിപ്പാടം |
| 16 | ശ്രീ.മനോജ് കുമാർ , ശ്രീനിലയം , കിഴക്കമ്പലം |
| 17 | ശ്രീ.സി.വി.മർക്കോസ് , ചമക്കാലയിൽ ഹൗസ് , മുളംതുരുത്തി |
| 18 | ശ്രീ.ആർ സുഹാസ് , സുർജിത്ത് നിവാസ് ,കാഞ്ഞിരമറ്റം |
| 19 | ശ്രീ.ജോസ് എ കുര്യാക്കോസ് , അറക്കത്താഴം , ഉദയംപേരൂർ |
| 20 | ശ്രീ.കെ എ അനിൽകുമാർ , കൃഷ്ണനിവാസ് , പൂത്തോട്ട പി.ഒ |

| | |
|---|---|
| 21 | ശ്രീ.യൂജിൻ ജോസ് , പൈനുങ്കൽ , കണ്ടനാട് പി.ഒ |
| 22 | ശ്രീ.സി.ജി.ഉണ്ണിക്കൃഷ്ണൻ , മനയിൽ , പൈങ്ങരപ്പിള്ളി |
| 23 | ശ്രീ.പി.എസ്.ബിനോയ് , എസ്പ്ലനേഡ് , കോൺവെന്റ് ജം. , കൊച്ചി |
| 24 | ശ്രീ.പി.വി.ജോർജ്ജ് , പാടിങ്ങശ്ശേരിൽ , കടമറ്റം പി.ഒ |
| 25 | ശ്രീ.ജോയ് തോമസ് , കൈതമലയിൽ , എലഞ്ഞി പി.ഒ |
| 26 | ശ്രീ.മുഹമ്മദ് കുട്ടി , മുളന്തനത്ത് , ആമ്പല്ലൂർ |
| 27 | ശ്രീ.നിധിൻ എസ് ദാസ് , സരോവരം , കൈപ്പാട്ടൂർ |
| 28 | ശ്രീ.ബി.ജി. രാജൻ , ഭഗവതിപറമ്പിൽ , കാഞ്ഞിരമറ്റം |
| 29 | ശ്രീ.കുര്യോക്കോസ് വർഗ്ഗീസ് , കൊല്ലംപറമ്പിൽ , പിറവം |
| 30 | ശ്രീ.എം.എസ്.അഷ്റഫ് , മനക്കാട്ടു പറമ്പിൽ , കാഞ്ഞിരമറ്റം |
| 31 | ശ്രീ.ടി.ആർ. ചന്ദ്രൻ , തുവനാട്ട് , ആമ്പല്ലൂർ |
| 32 | ശ്രീ.കൈലേശൻ , നികത്തിൽ , കീച്ചേരി |
| 33 | ശ്രീ.കെ.ജെ.ജോസഫ് , കാലയിൽ, കുലൈറ്റിക്കര |
| 34 | ശ്രീ.ഡയനേഷ്യസ് സി , കാഞ്ഞിരമറ്റം |

മേൽപ്പറഞ്ഞ കരാറുകാരിൽ നിന്നും നിയമാനുസൃത രീതിയിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ്

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 ൽ പ്രതിപാദിച്ചതിനു വിരുദ്ധമായാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്, വിവരങ്ങൾ താഴെ ചേർക്കുന്നു.

| **2013-14** | | | | | | |
|---|---|---|---|---|---|---|
| ക്രമ നം | സ്ഥാപന ത്തിന്റെ പേര് | പേര് , തസ്തിക | അർദ്ധവാർഷിക വരുമാനം , അർദ്ധവർഷം | ഈടാ ക്കേണ്ട തുക(രൂ.) | ഈടാക്കിയ തുക (രസീത് നം. തീയതി) | തൊഴിൽ നികുതി കുറവ് |
| 1 | കെ.എം.ജെ. പബ്ലിക് സ്കൂൾ, കാഞ്ഞിരമറ്റം | ശ്രീമതി.ശ്രീവിദ്യ കെ. വി. (ടീച്ചർ) | 48000/- (ഒന്നാം അർദ്ധവർഷം) | 450/- | 300/-(101419/ 13.8.13) | 150/- |
| 2 | സെൻട്രൽ ഗാർഡൻ | ശ്രീ. പ്രഹ്ലാദൻ എം. ആർ. (മാനേജർ) | 60,000/-(രണ്ടാം അർദ്ധവർഷം) | 600/- | 500/-(104374/ 10.2.14) | 100/- |
| 3 | മുത്തൂറ്റ് ഫിനാൻസ് , കാഞ്ഞിരമറ്റം | ശ്രീ. വിജി തോമസ് (എ.ഇ.) | 57,600/- (രണ്ടാം അർദ്ധവർഷം) | 450/- | 300/- (104367/10.02.14) | 150/- |
| **2014-15** | | | | | | |
| 4 | കൊശമറ്റം ഫിനാൻസ് ലിമിറ്റഡ് | ശ്രീ. ചാക്കോ. എം. ജെ. (ബ്രാഞ്ച് മാനേജർ) | 45000/- (രണ്ടാം അർദ്ധവർഷം) | 450/- | 300/- (108643/18.8.14) | 150 |

തൊഴിൽ നികുതിയിനത്തിൽ കുറവായി ഈടാക്കിയ തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നോ, നഷ്ടത്തിനുത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സർവ്വീസ് ബുക്ക് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

പഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ.പി.എൻ സുരേന്ദ്രൻ 03.10.2000 മുതൽ 06.11.2005 വരെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലാണ് ജോലി ചെയ്തിരുന്നത്. 03.10.2000 മുതൽ 02.10.2001 വരെ 1/22എന്ന നിരക്കിലും 03.10.2001 മുതൽ 06.11.2005 വരെ 1/11എന്ന നിരക്കിലും ആർജിതാവധി ആർജ്ജിച്ചതായാണ് സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.എന്നാൽ പ്രസ്തുത കാലയളവിൽ 1/22എന്ന നിരക്കിലാണ് ലീവ് ആർജ്ജിക്കുന്നത്. കൂടാതെ ഒരു വർഷം ആർജ്ജിക്കുന്ന ലീവുകളുടെ എണ്ണം 15 ആയി പരിമിതപ്പെടുത്തിയിട്ടുമുണ്ട്. 07.11.2005 മുതൽ ഫുൾ

ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ടിയാന് 1/11 നിരക്കിൽ ലീവ് ആർജ്ജിക്കുന്നതായാണ് സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഫുൾ ടൈം സ്വീപ്പർക്ക് 1/15 എന്ന നിരക്കിലാണ് ലീവ് ആർജ്ജിക്കുന്നത് [ജി.ഒ.(എം.എസ്.)39/84/ എൽ.എ.&എസ്.ഡബ്ല്യൂ. തീയതി 29.02.1984]. ആയത് പ്രകാരം ശ്രീ.പി.എൻ.സുരേന്ദ്രന്റെ ആർജ്ജിതാവധി അക്കൗണ്ട് ക്രമപ്പെടുത്തേണ്ടതാണ്.

## 3-2 ദിവസ വേതനത്തിൽ ജോലി ചെയ്ത എൻ.ആർ.ഇ.ജി.എസ്. ഓവർസീയർക്ക് അധികം വേതനം നൽകി.

13.08.2013 ൽ കരാർ കാലാവധി അവസാനിച്ച എൻ.ആർ.ഇ.ജി എസ് ഓവർസീയർ ശ്രീമതി.രമാദേവിക്ക് 14.08.2013 മുതൽ 44 ദിവസം ഗ്രാമപഞ്ചായത്തിൽ ദിവസ വേതനത്തിൽ ജോലി ചെയ്തതിന് 28.01.2014 ൽ ചെക്ക് നമ്പർ 041142 പ്രകാരം 15,862/- രൂപ വേതനം നൽകിയ ഇനത്തിൽ 1,210/-രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്. വിദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രതിമാസ ശമ്പളം | 44 ദിവസം ജോലി ചെയ്തതിന് നൽകിയ വേതനം | നൽകേണ്ട വേതനം | അധികം നൽകിയ വേതനം |
|---|---|---|---|
| 10,000/- | 15,862/- | 14,652/- (10000/30=333x44) | 1,210 |

ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകാത്ത സാഹചര്യത്തിൽ ഈ ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക 1,210/- രൂപ എൻ.ആർ.ഇ.ജി.എസ്. ഓവർസീയറിൽ നിന്നോ ഉത്തരവാദിയായവരിൽ നിന്നോ സെക്രട്ടറിയിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-3 സാമൂഹ്യ ജാതി സെൻസസ് - ക്വട്ടേഷൻ ക്ഷണിച്ചതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ ജാതി സെൻസസ് രജിസ്റ്റർ തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രിന്റിംഗ്, ഓഫ് സെറ്റ് ഡിസൈനിംഗ്, ഫോട്ടോസ്റ്റാറ്റ് എന്നീ ജോലികൾ ചെയ്യുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനപ്രകാരം അനുവാദം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ചെയ്ത ജോലികൾ | നൽകിയ തുക (സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ ) | ചെക്ക് നമ്പർ / തീയതി |
|---|---|---|---|
| നയന പ്രിന്റേഴ്സ് | ഡിസൈനിംഗ്, ഫോട്ടോസ്റ്റാറ്റ് | 19000/-(18000+1000) | 430217/4.2.14 |
| ഐ.ടി.കേരള, ആലപ്പുഴ | ഡിസൈനിംഗ്, ഫോട്ടോസ്റ്റാറ്റ് | 4452/-(4202 +250) | 430216/4.2.14 |

<u>അപാകതകൾ</u>

**(എ)** ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ ജാതി സെൻസസ് രജിസ്റ്റർ തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രിന്റിംഗ്, ഓഫ് സെറ്റ് ഡിസൈനിംഗ്, ഫോട്ടോസ്റ്റാറ്റ് എന്നീ ജോലികൾ ചെയ്യുന്നതിനായി നയന പ്രിന്റേഴ്സ്, ഐ.ടി.കേരള, ആലപ്പുഴ എന്നീ സ്ഥാപനങ്ങൾ നൽകിയ ക്വട്ടേഷനിൽ ഒരു ഷീറ്റ് പേപ്പറിന്റെ ഇരുവശങ്ങളും ഫോട്ടോസ്റ്റാറ്റ് എടുക്കുന്നതിന് 85 പൈസ നിരക്കിലാണ് ക്വാട്ട് ചെയ്തിരുന്നത്.

**(ബി)** എന്നാൽ മേൽ പറഞ്ഞ സ്ഥാപനങ്ങൾ ഗ്രാമ പഞ്ചായത്തുമായി കരാർ ചമച്ചപ്പോൾ യഥാക്രമം 1000/-, 250/- രൂപ നിരക്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കുമെന്ന് എഴുതിച്ചേർത്തിട്ടുണ്ട്.

ഇക്കാര്യങ്ങളിലുള്ള വിശദീകരണങ്ങൾ 23.11.2015 ന് മുൻപായി ഓഡിറ്റിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഈ ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ നഷ്ട തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-4 വിവിധ കാരണങ്ങളാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

2013-14,2014-15-വർഷങ്ങളിൽ പഞ്ചായത്തിൽ നടപ്പാക്കിയ ചില പ്രോജക്ടുകളിലെ താഴെ ചേർക്കുന്ന ചെലവുകൾക്ക് ആയതിന് നേരേ കാണിച്ചിരിക്കുന്ന കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

**വർഷം-2013-14**

**നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ് മാസ്റ്റർ**

| ക്രമ നം | പ്രോജക്ടിന്റെ പേര്,നമ്പർ | തുക | ചെലവ് വിവരം (ബിൽനം. / തീയതി) | തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|---|---|
| 1 | ഗവൺമെന്റ് യു.പി.എസിന് കമാനം സ്ഥാപിക്കൽ (എസ്0047/14) | 20000 | 1/2013-14 / 29.3.2014 | • ടെണ്ടർ ഉറപ്പിച്ച് കൊടുത്തത് ആർക്കാണെന്ന് വിവരം ഫയലിൽ ചേർത്തിട്ടില്ല<br>• ഈയിനത്തിൽ 20000/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും തുക ആർക്കാണ് നൽകിയതെന്ന വിവരം ഫയലിൽ ചേർത്തിട്ടില്ല |
| 2 | പബ്ലിക് ലൈബ്രറികൾക്ക് പുസ്തകം വാങ്ങൽ (എസ്.0130/14) | 475 | 2/13-14 / 29.3.2014 (30,000) | ജീവിതവിജയത്തിന്റെ പാഠപുസ്തകം(വില-₹.120/-), രാഷ്ട്രവിഭാവനം (വില-₹.160/-), ഝാൻസി റാണി(വില-₹.195/-) എന്നീ പുസ്തകങ്ങളുടെ ഓരോ പകർപ്പുകൾ വിതരണം ചെയ്തിട്ടില്ല |
| | ആകെ | 20475 | | |

**-2014-15വർഷം**

**നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി**

| ക്രമ നം | പ്രോജക്ടിന്റെ പേര്,നമ്പർ | തുക | ചെലവ് വിവരം (ബിൽനം./തീയതി) | തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|---|---|
| 1 | മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ | 1,00,000 | 30/14-15 / 22.1.2015 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |
| | ആകെ | 1,00,000 | | |

മേൽ സൂചിപ്പിച്ച കാരണത്താൽ 2013-14-ൽ 20475/-രൂപയുടേയും 2014-15-ൽ 1,00,000/-രൂപയുടെയും ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 പട്ടിക ജാതി ഭവന പുനരുദ്ധാരണം അപാകതകൾ

പ്രോജക്ട് നമ്പർ/ പേര് - എസ് 59/13-14 ,പട്ടിക ജാതി ഭവന പുനരുദ്ധാരണം

ചെലവ് തുക - 225000/-

ബിൽ നമ്പർ - 11/13-14/29.3.14

പട്ടിക ജാതി ഭവന പുനരുദ്ധാരണം എന്ന പദ്ധതിയനുസരിച്ച് ശ്രീ.എ.കെ.രമണൻ, പാറയ്ക്കവെളിയിൽ, മാരിത്താഴം, ആമ്പല്ലൂർ എന്നയാളുടെ ഭവനം പുനരുദ്ധാരണം നടത്തിയതിന് 20.03.2014 ൽ ഡി.ഡി നമ്പർ പ്രകാരം 25,000/-രൂപ നൽകിയിട്ടുണ്ട്. ഇവ സംബന്ധിച്ചുള്ള അപാകതകൾ താഴെ കൊടുക്കുന്നു

(എ) മേൽ പറഞ്ഞ വീടിന്റെ ഉടമസ്ഥാവകാശം ശ്രീ.എ.കെ.രമണന്റെ മാതാവ് പരേതയായ കാളിയുടെ പേരിലാണ്.

(ബി) മേൽ പറഞ്ഞ വീടിരിക്കുന്ന സ്ഥലത്തിന്റെ കരം ഒടുക്കിയ രസീതിൽ പട്ടയാദാരൻ ശ്രീ.കണ്ണൻ ശശി എന്നയാളാണ്.

(സി) അപേക്ഷയോടൊപ്പം ഹാജരാക്കിയ റേഷൻ കാർഡിലെ രേഖകൾപ്രകാരം ശ്രീ.കണ്ണൻ ശശി എന്നയാളുടെ പേരില്ല.

(ഡി) ശ്രീ.എ.കെ.രമണൻ, പാറയ്ക്കവെളിയിൽ, മാരിത്താഴം, ആമ്പല്ലൂർ എന്നയാളുടെ പേരിൽ സ്ഥലമോ വീടോ ഇല്ല.

ഈ കാരണങ്ങളാൽ ഈ തുക (25,000/- രൂപ) ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-6 ഗാർഹിക വാട്ടർ കണക്ഷൻ (എസ്.സി.പി) അനർഹർക്ക് സാമ്പത്തിക സഹായം അനുവദിച്ചു.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ/ പേര് | എസ്.127/13-14,ഗാർഹിക വാട്ടർ കണക്ഷൻ (എസ്.സി.പി) |
| ചെലവ് തുക | 1,15,000/- |
| ബിൽ നമ്പർ | 16/13-14/29.3.14 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ., കുലയിറ്റിക്കര |

ശ്രീ.രവീന്ദ്രൻ,കണ്ണൻച്ചത്തറ വീട്,ആമ്പല്ലൂർ എന്നയാൾക്ക് ഗാർഹിക വാട്ടർ കണക്ഷൻ എന്ന പദ്ധതിയനുസരിച്ച് വാട്ടർ കണക്ഷൻ എടുത്തതിന് 31.3.14 ൽ ഡി.ഡി നമ്പർ 776094 പ്രകാരം 5,000/-രൂപ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

(എ) ശ്രീ.രവീന്ദ്രൻ, കണ്ണൻച്ചത്തറ വീട്, ആമ്പല്ലൂർ എന്നയാൾ ഒരു സർക്കാർ ഉദ്യോഗസ്ഥനാണ്.

(ബി) 18 .11.2013 ലെ ജി.ഒ (എം.എസ്) 362/2013 ത.സ്വ.ഭ.വ അനുബന്ധം 16 ലെ 2:14 പ്രകാരം സർക്കാർ ഉദ്യോഗസ്ഥനെ 50000/-രൂപയിൽ താഴെ വരുമാനമുള്ളവരായി കണക്കാക്കാവുന്നതല്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിക്കാത്തതിനാൽ ഈ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഗുണഭോക്താവിൽ നിന്നോ, വി. ഇ.ഒ.-യിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-7 പ്രോജക്ട് വിഭാവനം ചെയ്യാതിരുന്ന കാര്യത്തിനായി തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | കാഞ്ഞിരമറ്റം എസ്.സി.കോളനിയിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (എസ്.0145/14) |
| അടങ്കൽ | 3,00,000 (വി.പി.എഫ്.II b) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കാഞ്ഞിരമറ്റം എസ്.സി. കോളനിയിൽ ഒരു സോളാർ സ്ട്രീറ്റ് ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. 11.02.2014-ൽ നടന്ന ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുകയായ 2,15,000/-രൂപ ക്വോട്ട് ചെയ്ത സൂര്യഗായത്രി അക്ഷയ ഊർജ ഗ്രൂപ്പിന് ടെണ്ടർ 22.02.2014-ൽ നടന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 9(3)- നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. എന്നാൽ പ്രോജക്ടിൽ ഉൾപ്പെടാത്ത 35വാട്ട് ശേഷിയുള്ള 2 എൽ.ഇ.ഡി.ലൈറ്റുകൾ(ഒന്നിന് 35500/-രൂപ വിലയുള്ളത്) കൂടി വാങ്ങുന്നതിന് കമ്മിറ്റി തീരുമാനിച്ചു. ആയത് വാങ്ങുന്നതിനായി 71,000/-രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്.(ചെലവ് വിവരം -286000/-രൂപ 48/14-15/25.3.14). ഇതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രോജക്ടിൽ വിഭാവനം ചെയ്യാത്ത കാര്യത്തിനു വേണ്ടി ചെലവഴിച്ച 71,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 മില്ലുങ്കൽ പുത്തൻകാവ് റോഡിൽ സ്ഥാപിച്ച നിരീക്ഷണ ക്യാമറ പ്രവർത്തനരഹിതം

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | മില്ലുങ്കൽ പുത്തൻകാവ് റോഡിൽ വെബ് കാമറ സ്ഥാപിക്കൽ(എസ്.0029/14) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മില്ലുങ്കൽ പുത്തൻകാവ് റോഡിൽ സാമൂഹ്യവിരുദ്ധർ മാലിന്യങ്ങൾ തള്ളിയിരുന്നത് നിരീക്ഷിക്കുന്നതിനു വേണ്ടി ക്യാമറ സ്ഥാപിക്കുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. ആയതിലേക്കായി 17.8.2013 ക്ഷണിച്ച ടെണ്ടറിൽ ഏറ്റവും

കുറഞ്ഞ തുകയായ 4,69,227/-രൂപ ക്വോട്ട് ചെയ്ത ഗ്ലോബൽ ഇ-സൊലൂഷൻസിന് 12.9.2013-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 5 നമ്പർ തീരുമാനപ്രകാരം ടെണ്ടർ ഉറപ്പിച്ചു നൽകി. സ്ഥാപനവുമായി 4.11.2013-ൽ കരാറിൽ ഏർപ്പെടുകയും 10.1.2014-ൽ സ്ഥാപനം ക്യാമറ സ്ഥാപിക്കുകയും ചെയ്തു (സ്ഥാപനത്തിന്റെ ബിൽ നം.സിഇഎൻ/13-14-019/15.11.2013)(ചെലവ് വിവരം-ബിൽനം. 39/13-14/14.3.2014-469227). കൂടാതെ ക്യാമറക്ക് സപ്പോർട്ട് ചെയ്യുന്നതിനായി എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കുന്നതിനായി 20610/-രൂപയും വൈദ്യുതി കണക്ഷൻ എടുക്കുന്നതിനായി 5000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ക്യാമറക്ക് തകരാർ സംഭവിച്ചാൽ 3 വർഷം വരെ സൗജന്യമായി അറ്റകുറ്റപ്പണി നടത്താമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കുറച്ചു നാളുകൾക്കു ശേഷം ക്യാമറ പ്രവർത്തനരഹിതമായി. എന്നാൽ ഏത് തീയതിയിലാണ് ക്യാമറക്ക് തകരാർ സംഭവിച്ചതെന്ന് ഫയലിൽ ചേർത്തിട്ടില്ല. സ്ഥാപനത്തിലെ ടെക്നീഷ്യൻമാർ അഴിച്ചുകൊണ്ടുപോയ കേടായ കാമറകളും അനുബന്ധ ഉപകരണങ്ങളും പ്രവർത്തനസജ്ജമാക്കി ലഭ്യമാക്കുവാൻ 19.5.2014-ലെ സി.840/2013 കത്തുപ്രകാരം സെക്രട്ടറി സ്ഥാപനത്തിന്റെ പ്രൊപ്രൈറ്ററായ ശ്രീ.എൻ സന്തോഷ് കുമാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പിന്നീട് ഇ-മെയിൽ മുഖാന്തിരവും ഇതേ കാര്യം പഞ്ചായത്ത് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പ്രവർത്തനസജ്ജമാക്കാതിരുന്നതിനാൽ പ്രൊപ്രൈറ്ററായ ശ്രീ.എൻ സന്തോഷ് കുമാറിനെതിരെ ഒ.എസ്.1689/2014 പ്രകാരം എറണാകുളം മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത ക്യാമറ പ്രവർത്തനസജ്ജമാക്കിയിട്ടില്ല. ആയതിനാൽ പ്രോജക്ടിനായി ചെലവഴിച്ച 4,94,837/- രൂപ നിലവിൽ പാഴായിരിക്കുകയാണ്. ഇത്തരം പദ്ധതികൾ ഏറ്റെടുക്കുമ്പോൾ അവ കാര്യക്ഷമമായും കൃത്യമായും നടപ്പാക്കുവാനുള്ള തുടർ നടപടികൾ കൂടി പഞ്ചായത്ത് അധികൃതർ ഉറപ്പ് വരുത്തേണ്ടതാണ്.

## 3-9 വെറ്ററിനറി ഡിസ്പെൻസറിക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| വർഷം | 2014-15 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പദ്ധതി നമ്പർ | എസ്.0099/15 |
| മെയിന്റനൻസ് ഫണ്ട്-റോഡിതരം- വിഹിതം | 52,000/- രൂ. |
| ചെലവ് | 52,000/- രൂ. |
| ബിൽ നമ്പർ | 1/2014-15/ 6.11.2014, 38,325/-രൂ. |
| | 3/2014-15 /01.12.2014 , 13,675/-രൂ. |

പദ്ധതി പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഡയറക്ടറേറ്റ് ജനറൽ ഓഫ് സപ്ലൈസ് & ഡിസ്പോസൽസ്, ന്യൂഡൽഹിയുടെ (ഡി.ജി.എസ്.&ഡി) നിരക്കിൽ കമ്പ്യൂട്ടറും, പ്രിന്ററും ഗാർനെറ്റ് കംപ്യൂട്ടേഴ്സ്, കാഞ്ഞിരമറ്റത്തിൽ നിന്ന് വാങ്ങി. കംപ്യൂട്ടറിന്റെയും, പ്രിന്ററിന്റെയും മൂല്യ വർദ്ധിത നികുതിയുൾപ്പെടെയുള്ള വില യഥാക്രമം 38,325രൂ. , 5,127രൂ. ആണ്.

25.06.2007-ലെ ജി.ഒ.(എം.എസ്)168/2007/ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം ഡി.ജി.എസ്.&ഡി. നിരക്കിൽ കംപ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങുന്നത് ഡി.ജി.എസ്.&ഡി.-യുടെ അംഗീകാരമുള്ള വെണ്ടർമാർ, ഐ.ടി. വകുപ്പിന്റെ അംഗീകാരമുള്ള ടി.എസ്.പി (ടോട്ടൽ സൊലൂഷൻ പ്രൊവൈഡേഴ്സ്) വെണ്ടർമാർ എന്നിവരിൽ നിന്ന് മാത്രമായിരിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഗാർനെറ്റ് കംപ്യൂട്ടേഴ്സ് , കാഞ്ഞിരമറ്റം എന്ന സ്ഥാപനം മേൽ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന രീതിയിലുള്ള അംഗീകൃത വെണ്ടറാണെന്നത് തെളിയിക്കുന്നതിനുള്ള രേഖ ഹാജരാക്കാണമെന്നാവശ്യപ്പെട്ട് എൻക്വയറി (നം.18) നൽകിയെങ്കിലും രേഖകളൊന്നും ലഭിച്ചില്ല. ആയതിനാൽ നടപടി ക്രമങ്ങൾ പാലിക്കാതെയാണ് പർച്ചേസ് നടത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 3-10 വിവിധ കാരണങ്ങളാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു - കൃഷി ഓഫീസർ

**2013-14**

| ക്രമനം | പ്രോജക്ടിന്റെപേര് | തുക | ബിൽനം | തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|---|---|
| 1 | സമഗ്ര ജാതി കൃഷി വികസനം (എസ്.0138/14) | 108000 | 3/13-14 / 20.3.2014 | ഗുണഭോക്താക്കളുടെ അപേക്ഷ ഹാജരാക്കിയിട്ടില്ല. അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയില്ല. പദ്ധതിക്കായി ഗുണഭോക്തൃവിഹിതം വകയിരുത്തിയിട്ടുണ്ടെങ്കിലും ആയത് പിരിച്ചെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ജാതി തൈ വിതരണം ചെയ്തതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. |
| 2 | സുസ്ഥിര നെൽകൃഷി വികസനം (എസ്.001/14) | 200257 | 4/13-14 / 22.3.14 | ഗുണഭോക്താക്കളുടെ അപേക്ഷ ഹാജരാക്കിയിട്ടില്ല. 1140 കി.ഗ്രാം നെൽവിത്ത് സീഡ് ഡവലപ്മെന്റ് അതോറിട്ടിയിൽ നിന്നും 36480/-രൂപ ചെലവഴിച്ച് വാങ്ങിയതിന്റെ രേഖകൾ ഉണ്ടെങ്കിലും ആയത് കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല. 318 പേരുടെ ബാങ്ക് അക്കൗണ്ടിലേക്കായി 163777/-രൂപ നൽകിയിട്ടുണ്ടെങ്കിലും ആയത് എന്തിനുവേണ്ടിയാണെന്ന് വ്യക്തമാക്കിയിട്ടില്ല. പ്രോജക്ടിൽ കുമ്മായവിതരണം |

| | | | | |
|---|---|---|---|---|
| | | | | നടത്തുന്നതിനായി തുക (വി.പി.എഫ്.iv-263520/-) വകയിരുത്തിയിട്ടുണ്ടെങ്കിലും ആയത് വാങ്ങിയതിന്റെ വിവരങ്ങളോ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല. |
| | ആകെ | 308257 | | |

**2014-15**

| ക്രമനം | പ്രോജക്ടിന്റെ പേര് | തുക | ബിൽ നം | തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|---|---|
| 1 | സമഗ്ര ജാതി കൃഷി വികസനം (എസ്0003/15) | 150000 | 4/14-15 / 13.3.2015 | ഗുണഭോക്താക്കളുടെ അപേക്ഷ ഹാജരാക്കിയിട്ടില്ല. അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയില്ല. പദ്ധതിക്കായി ഗുണഭോക്തൃവിഹിതം വകയിരുത്തിയിട്ടുണ്ടെങ്കിലും ആയത് പിരിച്ചെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ജാതി തൈ വിതരണം ചെയ്തതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. |
| 2 | സുസ്ഥിര നെൽകൃഷി വികസനം (എസ്.001/15) | 16200<br>163305 | 3/14-15/ 24.12.2014<br>8/14-15/30.3.2015 | ഗുണഭോക്താക്കളുടെ അപേക്ഷ ഹാജരാക്കിയിട്ടില്ല. 450 കി.ഗ്രാം നെൽവിത്ത് സീഡ് ഡവലപ്മെന്റ് അതോറിട്ടിയിൽ നിന്നും16200 -രൂപ ചെലവഴിച്ച് വാങ്ങിയതിന്റെ രേഖകൾ ഉണ്ടെങ്കിലും ആയത് കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല. 289 പേരുടെ ബാങ്ക് അക്കൗണ്ടി ലേക്കായി 163305/- രൂപ നൽകിയി ട്ടുണ്ടെങ്കിലും ആയത് എന്തിനു വേണ്ടിയാണെന്ന് വ്യക്തമാക്കിയിട്ടില്ല. പ്രോജക്ടിൽ കുമ്മായവിതരണം നടത്തുന്നതിനായി തുക വകയിരുത്തി യിട്ടുണ്ടെങ്കിലും ആയത് വാങ്ങിയതിന്റെ വിവരങ്ങളോ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല. |
| | ആകെ | 329505 | | |

## 3-11 തൊഴുത്ത് നിർമാണത്തിന് സബ്സിഡി - പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ

| വർഷം | 2013-14 | 2014-15 |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ |
| പ്രൊജക്ട് നമ്പർ | എസ് .0008/14 | എസ് .0008/15 |
| പ്ലാൻ ഫണ്ട് വിഹിതം | 200000 രൂ. | 160000 രൂ. |
| ചെലവ് | 180000 രൂ. | 160000 രൂ. |
| ബിൽ നമ്പർ | 2/2013-14/27.1.2014 100000രൂ. | 4/2014-15/23.01.2015 90000/- രൂ. |
| | 4/2013-14/27.3.2014 80000രൂ. | 6/2014-15/31.03.2015 70000രൂ. |

തൊഴുത്ത് നിർമാണത്തിന് സബ്സിഡിയായി 10000/- രൂപ ക്ഷീര കർഷകർക്ക് ധനസഹായം നൽകുന്നതാണ് പദ്ധതി. 16.11.2013ലെ ജി.ഒ (എം.എസ്) 362/2013 ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 പ്രകാരം പുതിയ തൊഴുത്തിന് സബ്സിഡി നൽകുന്ന പ്രൊജക്ടിൽ താഴെപ്പറയുന്നവ ആവശ്യമാണ് :-

1. എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ വാല്യുവേഷൻ.
2. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇതേ സർവ്വേ നമ്പറിൽ ഇതേ പുരയിടത്തിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടില്ല എന്ന് വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം.

ഇവ രണ്ടും മേൽപ്പറഞ്ഞ പ്രൊജക്ടുകളിൽ ലഭ്യമാക്കിയിട്ടില്ല. ഇവ ലഭ്യമാക്കുന്നതിന് വിധേയമായി ചെലവ് തുകയായ 3,40,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 കാഞ്ഞിരമറ്റം ജി.എൽ.പി.എസ്. അറ്റകുറ്റപ്പണി - പെയിന്റിങ്ങിന് അധിക നിരക്കും തുകയും നൽകിയത്.

| | |
|---|---|
| പ്രോജക്ട് നമ്പരും, പേരും | S.0030/14,ജി.എൽ.പി.എസ്.അറ്റകുറ്റപ്പണി |
| കരാറുകാരന്റെ പേര് | ശ്രീ.വി.പി.തങ്കച്ചൻ (0.05 % കുറവ് നിരക്കിൽ) |
| അളവു പുസ്തകം | 16/AE/LSGD/ABLR/13-14 |

| | |
|---|---|
| ചെലവ് വിവരം: ബിൽ നം. | 8/13-14/10-12-13 = ₹.1,75,577/- |

അളവ് പുസ്തകം ഇനം 6 പ്രകാരം painting ready mixed plastic emulsion paint one coat ചെയ്തതിന് 419.82 m2 x 836/10m2 = 35096.95 രൂപ നൽകി. എസ്റ്റിമേറ്റ് പ്രകാരം two coat painting ഉൾപ്പെടുത്തി 836/10m2 നിരക്ക് തയ്യാറാക്കിയിട്ടുള്ളത്. അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്തത് റീ പെയിന്റിങ്ങാണ്. ഈ പ്രവൃത്തിയിൽ one coat painting(റീ പെയിന്റിംഗ്) നടത്തിയതിന് two coat painting-ന്റെ നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല. One coat painting ന് അനുവദിക്കാവുന്ന നിരക്ക് താഴെ കൊടുക്കുന്നു.

painting with plastic emulsion paint of approved colour and quality as specified One coat to old surface.

| Quantity | Description | Unit | Rate | Amount | WithCP+OH |
|---|---|---|---|---|---|
| 0.4 ltr | Plastic emulsion paint | Ltr | 234 | 93.6 | 107.64 |
| LS | Sundries -Brush, sand paper, soap, putty etc | LS | | 1.85 | 1.85 |
| 0.4Nos. | painter | each | 396 | 158.4 | 182.16 |
| | Total | | | 253.85 | 291.65 |
| Say | | | | | 292/10m$^2$ |

| | |
|---|---|
| നൽകിയ തുക | 419 .82 m$^2$ x 836 /10m$^2$ =35096.95 |
| നൽകാവുന്ന തുക | 419.82 m$^2$ x 292 /10m$^2$ = 12258.74 |
| അധികം നൽകിയത് | 22,838.21/-(35096 .95 – 12258.74 )<br>(-)0.05% = 11.42<br>= 22826.79 ie. 22827/-രൂപ. |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, അളവു പുസ്തകത്തിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നറിയിച്ചിട്ടുണ്ട്. യഥാർത്ഥിൽ ചെയ്ത പ്രവൃത്തി രേഖപ്പെടുത്തുന്നത് അളവു പുസ്തകത്തിലാണ്. ആയതിനാൽ തെറ്റായി രേഖപ്പെടുത്തിയെന്ന മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക 22,827/- ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-13 ചെയ്ത അളവിനേക്കാൾ കൂടുതൽ അളവ് കണക്കാക്കി തുക നൽകി.

| | |
|---|---|
| പ്രോജക്ട് നം./ പേര് | S.0108/15,പഞ്ചായത്ത് കിണറുകളുടെ അറ്റകുറ്റപ്പണികൾ |
| കരാറുകാരന്റെ പേര് | ശ്രീ.വി.പി.തങ്കച്ചൻ (എസ്റ്റിമേറ്റ് നിരക്ക്) |
| അളവു പുസ്തകം | 19/14-15 |
| ചെലവ് (ബിൽ നം/ ഡി.ഡി.നം.) | 54/14-15/30.3.2015 തുക =183388/- |

അളവു പുസ്തകം ഇനം 1 പ്രകാരം Bailing out of water with 5 HP engine and pump set എന്ന പ്രവൃത്തിയാണ്. ചെയ്തിരിക്കുന്നത്. അളവ് പുസ്തകം പേജ് 25 പ്രകാരം 264 മണിക്കൂറിന് 187/hr രൂപ നിരക്കിൽ 49,368/- രൂപ നൽകി. എന്നാൽ Daily report for engaging pump set പ്രകാരം ആകെ 136 മണിക്കൂർ മാത്രമാണ് 5 HP engine and pump set ഉപയോഗിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അളവു പുസ്തകത്തിൽ എഞ്ചിന്റെ എണ്ണം Daily report for engaging pump set പ്രകാരമുള്ളതിന്റെ ഇരട്ടിയായി കണക്കാക്കി തുക അനുവദിച്ചു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തീയതി | വാർഡ് നമ്പർ | ഉപയോഗിച്ച 5HP Motor / എഞ്ചിനുകളുടെ എണ്ണം | ഉപയോഗിച്ച മണിക്കൂർ | ആകെ ഉപയോഗിച്ച മണിക്കൂർ |
|---|---|---|---|---|
| 31.1.2014 | 3 | 1 | 8 | 8 |
| | 4 | 2 | 8 | 16 |
| | 5 | 2 | 8 | 16 |
| 3.2.2015 | 1 | 2 | 8 | 16 |
| | 2 | 2 | 8 | 16 |
| | 3 | 1 | 8 | 8 |
| 6.2.2015 | 8 | 1 | 8 | 8 |
| | 9 | 3 | 8 | 24 |
| | 10 | 1 | 8 | 8 |
| 10.3.15 | 12 | 2 | 8 | 16 |
| ആകെ | | 17 | 8 | 136 |

നൽകാവുന്ന തുക 136 hrs x 187 /hrs = 25432/-
നൽകിയ തുക 264 hrs x 187/hrs = 49368/-
അധികം നൽകിയ തുക = 23,936/- (49368 – 25432)

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ രണ്ട് സെറ്റ് DLR-ൽ ഒന്നു മാത്രമേ ഫയലിൽ ഇട്ടിരുന്നുള്ളുവെന്നും രണ്ടാമത്തെ സെറ്റ് മാറി കിടക്കുകയായിരുന്നുവെന്നും ഓഡിറ്റ് ചൂണ്ടികാണിച്ചപ്പോഴാണ് ശ്രദ്ധയിൽപ്പെട്ടതെന്നും അറിയിച്ചിട്ടുണ്ട്. DLR സ്റ്റേറ്റ്മെന്റ് തയ്യാറാക്കുമ്പോൾ, മോട്ടോറിന്റേതാണെങ്കിൽ അതിന്റെ ഗുണിതങ്ങൾ ഓരോ കിണറിന്റേതിനും പ്രത്യേകം എഴുതിയാണ് സൂക്ഷിക്കാറുള്ളതും സൂക്ഷിക്കേണ്ടതും, എന്നാൽ ഇപ്രകാരം

ചെയ്തിട്ടില്ല. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. താരതമ്യേന കിണറുകളിൽ വെള്ളം കുറയുന്ന ഈ മാസങ്ങളിൽ 5 HP യുടെ രണ്ടു വീതം മോട്ടോർ 8 മണിക്കൂർ നേരം എല്ലാ കിണറ്റിൽ നിന്നും വെള്ളം വറ്റിക്കുന്നതിന് ഉപയോഗിച്ചു എന്നു പറയുന്നത് യുക്തിക്ക് നിരക്കുന്നതല്ല. അധികം നൽകിയ തുക 23,936/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-14 കോട്ടായിൽ റോഡ് റീടാറിംഗ് - അധിക നിരക്ക് നൽകി - ഒഴിവാക്കാമായിരുന്ന ചെലവ് -14588/-രൂപ

1. പഞ്ചായത്തിൽ 2012 ഷെഡ്യൂൾ അനുസരിച്ച് നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികളിൽ ബിറ്റുമിന്റെ ബൾക്ക് നിരക്കാണ് (Rs.40367/-) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളത്. എന്നാൽ കോട്ടായിൽ റോഡ് റീടാറിംഗ് പ്രവൃത്തിയിൽ ഇത് പാലിക്കാതെ ബാരൽ ബിറ്റുമിന്റെ നിരക്ക് നൽകിയതു കാരണം അധിക ചെലവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S.0109/14 |
| കരാറുകാരന്റെ പേര് | ശ്രീ.മോൻസി എബ്രഹാം |
| അളവു പുസ്തകം | 40/AE/LSGD/Ablr/12-13 |
| ചെലവ്-ബിൽ നം. | 2/13-14/12.7.2013 =378688/- |

| ഇനം | നൽകിയത് | | നൽകാവുന്നത് (ബൾക്ക് ബിറ്റുമിന്റെ നിരക്ക്) |
|---|---|---|---|
| 2.pot hole filling using 36 mm metal | $7.77m^3 x 3035/m^3$ | 23581.95 | 7.77x2918 =22672.86 |
| 3.bitumen levelling course using 36 mm metal | $9.38\ m^3 x\ 1814/m^3$ | 17015.32 | 9.38 x 1729 =16218 |
| 6.providing 20 mm chipping carpet over BT surface | $1140m^2 x 1994/10m^2$ | 227316 | 1140 x 1881/ $10m^2$=214434 |

ഈ പ്രവൃത്തിയിൽ 14588/- (909 + 797+ 12882) രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട് .
ഇതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (11) മറുപടിയിൽ ഇത്രയും ബൾക്ക് ബിറ്റുമിൻ വാങ്ങി സൂക്ഷിക്കുവാൻ പഞ്ചായത്തിൽ ഗോഡൗൺ സംവിധാനമില്ലായെന്നും കരാറുകാരൻ നേരിട്ട് ബിറ്റുമിൻ വാങ്ങിയതിനാൽ നഷ്ടമൊന്നും വന്നിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ബാക്കി എല്ലാ പ്രവൃത്തികളിലും ബൾക്ക് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ബൾക്ക് ബിറ്റുമിന്റെ നിരക്കിൽ പ്രവൃത്തി ചെയ്തിരുന്നുവെങ്കിൽ 14,588/-രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. ഇത്തരം അധികച്ചെലവുകൾ ഭാവിയിൽ കർശനമായും ഒഴിവാക്കേണ്ടതാണ്.

## 3-15 മൃഗാശുപത്രി അറ്റകുറ്റപ്പണിയും സ്റ്റോർ റൂം നവീകരണവും.

| | |
|---|---|
| പ്രോജക്ട് നമ്പരും,പേരും | S.0044/14, മൃഗാശുപത്രി അറ്റകുറ്റപ്പണിയും സ്റ്റോർ റൂം നവീകരണവും |
| കരാറുകാരന്റെ പേര് | സി.യു.ജോസഫ്.എസ്റ്റിമേറ്റ് നിരക്ക് |
| അളവു പുസ്തകം | 9/AE/LSGD/ABLR/13-14<br>21/AE/LSGD/ABLR/13-14 |
| ചെലവ് വിവരം: ബിൽ നം. | 9/13-14/30.12.13 =206746/- |

മൃഗാശുപത്രി അറ്റകുറ്റ പ്പണിയും സ്റ്റോർ റൂം നവീകരണവും പ്രോജക്ടിൽ ഇനം 23 പ്രകാരം Fabricating supplying and fixing in position anodised aluminium partition wall with section of size 88.9x 31.75x 2.5mm,indal section No.9231 @ 1.622kg/m for outer frame alround section No.9230 for intermediate at 1.2 m C/c and glazing clips of size 17.8 x 17.6 x 1.3mm @0.169 kg/m Indal section No 4660 and fitted 5.5 mm thick plain glass with necessary rubber beeding screws,clamps and other accessories cost and conveyance of all labour charges for fixing into the walls or concrete , chipping, drilling etc. complete as per the the direction of the deptl.officers ചെയ്തതിന് അളവു പുസ്തകം പേജ് 12 പ്രകാരം 31.50 m2 x 2094/m2 =66086.64 രൂപ നൽകിയിട്ടുണ്ട്.
എന്നാൽ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുള്ള ഡേറ്റാ പ്രകാരം ഈ ഇനത്തിന് നൽകാവുന്ന നിരക്ക് 1668/- രൂപയാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.
Details for 30m

| Qty | Item | Unit | Rate | Amount | Amount +CP+OH |
|---|---|---|---|---|---|
| 78.342kg | Outer frame with indalsection 9231 | | 190 | 14884.98 | 14884.98 |
| 39.288kg | 9230 | kg | 190 | 7464.72 | 7464.72 |
| 37.416kg | Glazing clips with indalsection 4660 | kg | 190 | 7109.04 | 7109.04 |
| 7.752kg | 5 % wastage for the above 3 items | kg | 190 | 1472.88 | 1472.88 |
| $27.63\ m^2$ | 5.5mm plain glass | $m^2$ | 360 | 9946.8 | 11438.82 |
| | 5% wastage for above | $m^2$ | - | 497.34 | 571.941 |

| | | | | | |
|---|---|---|---|---|---|
| 12.5m | Rubber beeding | m | 10 | 125 | 125 |
| 29.97 $m^2$ | Screws,clamps etc. | $m^2$ | 3 | 89.91 | 89.91 |
| 29.97 $m^2$ | Labour charges | $m^2$ | 200 | 5994 | 6893.1 |
| | | | | 47584.67 | 50050.391 |
| **Hence for 1 $m^2$** | | | | | **1668.346** |

നൽകാവുന്ന തുക : 31.56 $m^2$ x 1668/$m^2$ =52642/-
നൽകിയ തുക : 31.56 $m^2$ x 2094/$m^2$ = 66086/-
അധികം നൽകിയത് = 13,444/- (66086 – 52642)
ഇക്കാര്യത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി പിന്നീട് നൽകാമെന്നറിയിച്ചിട്ടുണ്ട്. അധിക നിരക്ക് നൽകിയതു കാരണം വന്ന അധിക ചെലവ് തുകയായ 13444/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-16 ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് 2012-13,13-14,14-15 വർഷങ്ങളിൽ സർക്കാർ / അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും നടത്തിയ വാങ്ങലുകൾ സംബന്ധിച്ച പ്രത്യേക പരിശോധന റിപ്പോർട്ട്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാങ്ങൽ സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ (Guidlines for the procurement of goods and services in LSGI's) GO(Ms) 259/2010/ LSGD/ 8.11.2010 നമ്പർ ഉത്തരവ്പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. GO(P) 3/2013/ SPD / 21.6.2013 പ്രകാരം റിവൈസ്ഡ് സ്റ്റോർ പർച്ചേയ്സ് മാന്വൽ (SPM) നിലവിൽ വന്നിട്ടുണ്ട്. ഇതിലെ ഖണ്ഡിക 1.6 പ്രകാരം വാങ്ങലുകൾ സംബന്ധിച്ച് വിശേഷാൽചട്ടങ്ങൾ/ മാനുവൽ നിലവിലുള്ള വകുപ്പുകളുടെ കാര്യത്തിൽസ്റ്റോർ പർച്ചേയ്സ് മാനുവലിലെ വ്യവസ്ഥകൾ വിശേഷാൽ ചട്ടങ്ങൾ/ മാനുവലിലെ വ്യവസ്ഥകൾക്ക് അനുപൂരകമായിരിക്കും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള വാങ്ങലുകൾ സംബന്ധിച്ച് Procurement manual ലിൽപ്രത്യേക നിർദ്ദേശങ്ങൾ ഇല്ലാത്തതിനാൽ SPM ലെ വ്യവസ്ഥകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ,സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും നടത്തുന്ന വാങ്ങലുകൾക്ക് ബാധകമാകുന്നത്. ഇത് സംബന്ധിച്ച പ്രധാന വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

Paragraph 9.22:

Products manufactured by State Government Institutions /Departments and State Public sector Industries and Institutions will be purchased from them exclusively without tenders for the first five years after they have gone into production, the prices being fixed by negotiation.

Paragraph 9.23:

In case of the products which have been in production for more than five years, tenders should be invited as laid down in the manual and purchase should be finalised after giving 5 to 10 percent price preference .

Paragraph 9.24

In case of purchases made from State Government Institutions / Departments and State Public sector Industries and Institutions, all purchasing officers should see that only those items are purchased which are normally manufacture by them.

ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിൽ 2012-13,2013-14,2014-15 സാമ്പത്തിക വർഷങ്ങളിൽ താഴെപ്പറയുന്ന സർക്കാർ / സർക്കാർ നിയന്ത്രിത /അർദ്ധ സർക്കാർ/ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ സാധനങ്ങൾ/ സേവനങ്ങൾ സമാഹരിച്ചിട്ടുണ്ട്.

(എ) സിഡ്കോ

(ബി) ഔഷധി

(സി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

(ഡി) ഹോംകോ

(ഇ) റെയ്ഡ്കോ

(എഫ്) കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി

**വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.**

**വർഷം – 2012-13**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് /നിർവഹണ ഉദ്യോഗസ്ഥൻ | സമാഹരിച്ച സാധനം/ സേവനം | നല്കിയ തുകയുടെ വിശദാംശം (₹) | ചെക്ക്/ ഡി.ഡി./ബിൽ നം തീയതി |
|---|---|---|---|---|
| 1 | റെയ്ഡ്കോ (കൃഷി ഓഫീസർ) | നെല്ല് പാറ്റുന്ന മെഷീൻ | 35196 | 5/12-13/ 25.3.2013 |
| 2 | റെയ്ഡ്കോ (കൃഷി ഓഫീസർ) | കൊയ്ത്തു മെഷീൻ | 179830 | 4/12-13/ 25.3.2013 |
| 3 | റെയ്ഡ്കോ (കൃഷി ഓഫീസർ) | പമ്പ്സെറ്റ് | 27005 | 6/12-13/ 25.3.2013 |
| 4 | സിഡ്കോ (കൃഷി ഓഫീസർ) | ഫർണിച്ചർ | 40000 | 3/12-13/ 25.3.2013 |
| 5 | കെൽട്രോൺ (സെക്രട്ടറി) | കമ്പ്യൂട്ടർ | 33323 | 13231/ 27.3.2013 |
| 6 | ഔഷധി(മെഡിക്കൽ ഓഫീസർ, ആയുർവേദം) | ആയുർവേദ മരുന്നുകൾ | 300000 | 4/12-13/ 21.12.2012 |
| 7 | ഹോംകോ (മെഡിക്കൽ ഓഫീസർ , ആയുർവേദം) | ഹോമിയോ മരുന്നുകൾ | 100000 | 5/12-13/21.12.2012 |

**വർഷം – 2013-14**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് /നിർവഹണ ഉദ്യോഗസ്ഥൻ | സമാഹരിച്ചസാധനം/ സേവനം | നല്കിയ തുകയുടെ വിശദാംശം(₹) | ചെക്ക്/ ഡി.ഡി.നം തീയതി |
|---|---|---|---|---|
| 1 | സിഡ്കോ(ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ, കീച്ചേരി) | ഫർണിച്ചർ | 49922 | 3/13-14/29.3.2014 (ബിൽ) |
| 2 | ഔഷധി(മെഡിക്കൽ ഓഫീസർ , ആയുർവേദം) | ആയുർവേദ മരുന്നുകൾ | 400000 | 2/13-14/ 30.8.2013 (ബിൽ) |
| 3 | ഹോംകോ(മെഡിക്കൽ ഓഫീസർ , ആയുർവേദം) | ഹോമിയോ മരുന്നുകൾ | 100000 | 3/13-14/30.8.2013 (ബിൽ) |

**വർഷം-2014-15**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് /നിർവഹണ ഉദ്യോഗസ്ഥൻ | സമാഹരിച്ച സാധനം/ സേവനം | നല്കിയ തുകയുടെ വിശദാംശം(₹) | ചെക്ക്/ ബിൽ നം/ ഡി.ഡി.നം തീയതി |
|---|---|---|---|---|
| 1 | കെയ്കോ(മെഡിക്കൽ ഓഫീസർ,അലോപ്പതി) | എലി കേക്ക് | 150000 | 6/14-15/ 7.10.2014 |
| 2 | സിഡ്കോ മാർക്കറ്റിംഗ് സെന്റർ(സെക്രട്ടറി) | ഹൈമാസ്റ്റ് ലൈറ്റ് | 442424 | 37/14-15/24.3.2015 & 37/14-15/24.3.2015 |
| 3 | കെൽട്രോൺ കൺട്രോൾസ് (ഐ.സി.ഡി.എസ്.സൂപ്പർവൈസർ) | വികലാംഗർക്ക് ഉപകരണങ്ങൾ | 231491 | 15/14-15/19.3.2015 |
| 4 | സിഡ്കോ(ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.സ്കൂൾ) | ഫർണിച്ചർ | 199432 | 2/14-15/ 24.2.2015 (ബിൽ) |
| 5 | കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി(ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.സ്ക്കൂൾ) | പുസ്തകങ്ങൾ | 100000 | 3/14-15/27.3.2015 (ബിൽ) |
| 6 | ഔഷധി(മെഡിക്കൽ ഓഫീസർ ,ആയൂർവേദം) | ആയുർവേദ മരുന്നുകൾ | 400000 | 4/14-15/16.10.2014 |
| 7 | ഹോംകോ(മെഡിക്കൽ ഓഫീസർ, ആയുർവേദം) | ഹോമിയോ മരുന്നുകൾ | 100000 | 5/14-15/16.10.2014 |

മേൽ ഇനങ്ങളിൽ 2014-15 വർഷം ക്രമ നമ്പർ 2-ൽ പറയുന്ന വാങ്ങൽ, 2013-14 വർഷം ക്രമ നമ്പർ 1-ൽ പറയുന്ന വാങ്ങൽ

ഒഴികെ ബാക്കിയെല്ലാം തന്നെ ടെണ്ടർ/കൊട്ടേഷൻ നടപടികൾ കൂടാതെയാണ് നടത്തിയിട്ടുള്ളത്. ടി സ്ഥാപനം ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തതു കൊണ്ടാണ് ടി സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ചു നല്കിയിട്ടുള്ളത്.

പ്രൈസ് പ്രിഫറൻസ് നല്കിയതായി കാണുന്നില്ല.വാങ്ങിയിട്ടുള്ള സാധനങ്ങൾ എല്ലാം തന്നെ സ്റ്റോക്കിൽ എടുത്തിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ സ്പെസിഫിക്കേഷൻ, ഇനം,ഇൻവോയ്സ് വിവരം, മൂല്യം, ഗ്യാരണ്ടി/വാറണ്ടിയുടെ വിശദാംശം, സപ്ലൈയറുടെ പേര് മുതലായവ രേഖപ്പെടുത്തിയിട്ടില്ല.

സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള വാങ്ങലുകൾക്ക് SPM 9.22, 9.23, 9.24 എന്നീ വ്യവസ്ഥകളാണ് ബാധകമാകുന്നത്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ചില സ്ഥാപനങ്ങളിൽ നിന്നും പ്രത്യേക സാധനങ്ങൾ, ടെണ്ടർ നടപടികൾ ഒഴിവാക്കിക്കൊണ്ട് നേരിട്ട് വാങ്ങുന്നതിന് SPM para 9.23 ഒഴിവാക്കി സർക്കാർ ഉത്തരവിറക്കാറുണ്ട്. എന്നാൽ ഇങ്ങനെ നേരിട്ട് വാങ്ങുന്ന സാധനങ്ങൾ പ്രസ്തുത സർക്കാർ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്നവ ആയിരിക്കണം. കെൽട്രോൺ, സിഡ്കോ, റെയ്ഡ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നും ഉൽപന്നങ്ങളും ഉപകരണങ്ങളും നേരിട്ട് വാങ്ങുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മേൽ പരാമർശിത ഉത്തരവുകളിൽ 9.23 ഒഴിവാക്കിയിട്ടില്ല എന്ന് മാത്രമല്ല സപ്ലൈ ചെയ്തിട്ടുള്ള സാധനങ്ങൾ മിക്കതും സ്ഥാപനം നിർമ്മിച്ചതും അല്ല. പഞ്ചായത്തിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് മത്സരാധിഷ്ടിത ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സർക്കാർ/ സർക്കാർ നിയന്ത്രിത /അർദ്ധ സർക്കാർ/ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണെന്ന് കാണുന്നു. സർക്കാർ ഉത്തരവുകളിൽ ഒന്നിൽ പോലും ടി സ്ഥാപനങ്ങളിൽ നിന്നും തന്നെ നിശ്ചിത സാധനങ്ങൾ വാങ്ങണമെന്ന് നിഷ്കർഷിച്ചു കാണുന്നില്ല. പര്യാപ്തമായ സാഹചര്യങ്ങളിലെല്ലാം സർക്കാർ സ്ഥാപനങ്ങളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| **2013-14** | | | | | |
| | 2013-14 | | മേച്ചേരി റോഡ് റീടാറിംഗ് | 100000 | |
| | 2013-14 | | മണക്കാട്ട് ലക്ഷം വീട് കോളനി സമഗ്ര വികസനം | 300000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2013-14 | 800000 (2012-13 ലെ നീക്കിയരുപ്പ് തുക 10966 ,ആകെ=810966) | കുരിശു പള്ളി താഴെപ്പാടം റോഡ് ടാറിംഗ് | 244703 | 31335 |
| | 2013-14 | | തീരദേശറോഡ് (കൂട്ടേ ക്കാവ് - മാരത്താഴം-) മണ്ണ് ഫില്ലിംഗ് | 69361 | |
| | | | തീരദേശ റോഡ് (മാരത്താഴം-കാഞ്ഞിരമറ്റം പ്രദേശം) | 65567 | |
| | | | ആകെ | 779631 | |
| **2014-15** | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 27500 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 27500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 31335 | വില്ലേജ് ഓഫീസ് റോഡ് ഫസ്റ്റ് മെറ്റലിംഗ് | 31335 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2014-15 | 100000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2014-15 | 122000 | ക്ഷീര കർഷകർക്ക് കാലിതീറ്റ സബ് സിഡി | 122000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജ ൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയത്(₹) | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ. എസ്. ഇ.ബി | മേലേത്ത് അങ്കണ വാടി വൈദ്യുതീ കരണം | 21300870/17.3.14 | 21350 | 21350 | 0 |
| | കോമ്പ്രോത്ത് അങ്കണവാടി വൈദ്യുതീകരണം | 21400387/30.8.14 | 22200 | 22200 | 0 |
| | കരിപ്പാട് റോഡ് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21300139/23.9.13 | 23195 | 23195 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാ ക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ച് അടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 13-14 | EMS ഭവന പദ്ധതി | സ.ഉ.നം. 530/12ത.സ്വ.ഭ.വ./18.2.2010 | 8733305 | 4857755 | 500000 | 461391 | 4357755 |
| 14-15 | | | | 4357755 | 625602 | 399063 | 3732153 |

2013-14 വർഷത്തിൽ 4357755 രൂപയാണ് തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്നത്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ അക്കൗണ്ട് ക്ലോസ് ചെയ്തതിനെ തുടർന്ന് നീക്കിയിരുപ്പായുണ്ടായിരുന്ന 25,602/- രൂപ രണ്ടു പ്രാവശ്യം ചെലവിൽ കുറച്ചതിനാൽ (V.No,41400374/31.3.2015 & 41400443/31.3.2015) വാർഷിക ധനകാര്യ പത്രിക യിലെ നീക്കിയിരുപ്പ് തുകയിൽ 25,602/- രൂപയുടെ കുറവുണ്ട്. തെറ്റായി തുക രേഖപ്പെടുത്തിയതിന് വിശദീകരണം നൽകേണ്ടതും, ഭാവിയിൽ കണക്കുകൾ കൃത്യമാക്കി സൂക്ഷിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| ഇനം | 2013-14 | 2014-15 |
|---|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 522383 | 583022 |
| തൻവർഷം നിക്ഷേപിച്ച് തുക | 60639 | 349062 |
| ആകെ | 583022 | 932084 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 583022 | 932084 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | 2013-14 | 2014-15 |
|---|---|---|---|
| 1 | കീച്ചേരി സർവ്വീസ് സഹകരണ ബാങ്ക്-FD-127/05-06 | 247010 | 262471 |
| 2 | കീച്ചേരി സർവ്വീസ് സഹകരണ ബാങ്ക്-FD-15720 | 336012 | 369613 |
| 3 | ജില്ലാ സഹകരണ ബാങ്ക്-A/c-14385000000001 | - | 300000 |
| | ആകെ | 583022 | 932084 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2013-14 വർഷത്തിൽ ലഭിച്ച 36849/- രൂപയുടേയും, 2014-15 വർഷത്തിൽ ലഭിച്ച 9241/- രൂപയുടെ വിശദാംശങ്ങൾ (ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം) താഴെ കൊടുക്കുന്നു.

**2013-14**

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 1977-78 | 1,2,3 | 32 | സെക്രട്ടറി | 11302100427/6.5.13 |
| 1992-93 | 20 | 220 | പി.കെ. വാസു | 11302104057/28.1.14 |
| 2006-07 | 3-5 | 1412 | കെ.ആർ വിജ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11302102090/3.10.13 |
| 2008-09 | 3-8 | 600 | മനോജ് കെ.ബി. കാലായിൽ | 97655110048/3.4.13 |
| 2008-09 | 2-2 | 960 | അൽഫോൺസ ജോസഫ് | 11302102508/28.10.13 |
| 2009-10 | 2-1 | 150 | റോയ് സി.എം. | 11303100710/30.5.13 |
| 2009-10 | 3-8 | 2125 | ബ്ലൂ ഡയമണ്ട് സിപോർട്സ് ക്ലബ്ബ് | 11302101182/12.7.13 |
| 2009-10 | 2-1 | 840 | അൽഫോൺസ ജോസഫ് | 11302102508/28.10.13 |
| 2009-10 | 2-1 | 210 | ബിജു ടി.എൻ | 11302102862/22.11.13 |
| 2010-11 &11-12 | 2-1 | 5000 | എക്സിക്യൂട്ടീവ് എൻജിനീയർ,കെ.എസ്.ഇ.ബി. | 11302400010/24.8.13 |
| | 2-1 | 5000 | ഡോ.കെ.വി. ജോൺ,സെന്റ് ജോർജ് ഹോസ്പിറ്റൽ | 11302102217/10.10.13 |
| | 2-1 | 3800 | ചിറക്കൽ സർവ്വീസ് സ്റ്റേഷൻ | 90978100064/20.8.13 |
| | 2-1 | 3800 | വി.എൻ .മണി, സർവ്വീസ് സ്റ്റേഷൻ | 11302101316/1.8.13 |
| | 2-1 | 5000 | കെ.എം.ജെ. പബ്ലിക് സ്കൂൾ, ആമ്പല്ലൂർ | 11302102566/30.10.13 |
| | 2-1 | 4400 | ടൂത്ത് കെയർ ജംന്റിൽ ക്ലിനിക് , ആമ്പല്ലൂർ | 11302102589/1.11.13 |
| | 2-2 | 1650 | ജയമോൾ,ഡി.റ്റി .ഒ, എൻ.ആർ.ജി.എസ്. | 11302101965/25.9.13 |
| | 2-2 | 1650 | രേഖ ടി.എം., ഓവർസിയർ,എൻ .ആർ .ജി.എസ്. | 113022101966/25.9.13 |
| ആകെ | | 36849 | | |
| **2014-15** | | | | |
| 2002-03 | 9-1 | 974 | സുനീതി എം.വി | 11402107045/25.10.14 |
| | 9-2 | 1072 | സുനീതി എം.വി | 11402107045/25.10.14 |
| 2009-10 | 3-8 | 2495 | എഫ്.സി. അരയൻകാവ് | 11402108613/6.2.15 |
| 2012-13 | 2-1 | 4700 | മുഹമ്മദ്,മുടപ്പനാൽ | 11402400028/5.2.15 |
| ആകെ | | 9241 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പരാമർശിത ഖണ്ഡികകളില്ല. | | | | | |

## 4-8 ഓഡിറ്റ് പ്രത്യ വലോകനം

**(എ) സംക്ഷിപ്ത വിവരം**

| | 2013-14 | 2014-15 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50599072 | 64692444 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49582073 | 54931457 |
| വരവിനങ്ങളിലുള്ള നഷ്ടം | 2400 | 8150 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 43731 | 23936 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 634732 | 589505 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക 2013-14 | | 2014-15 | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 2000 | - | 8000 | - | ശ്രീ.ഐസക് മോഹൻ , സെക്രട്ടറി |
| 2-5 | 400 | - | 150 | - | |
| 3-2 | | 1210 | - | - | |
| 3-3 | | 1250 | - | - | |
| 3-6 | | 5000 | | | ശ്രീ.സിബിൻ. ഇ.പി., വി.ഇ.ഒ കുലയിറ്റിക്കര |
| 3-12 | | 22827 | | | ശ്രീ.ലാൽ പ്രസാദ് , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | - | - | - | 23936 | ശ്രീ. പ്രദീപ് പി.എ. , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | - | 13444 | - | - | ശ്രീ.ലാൽ പ്രസാദ് , അസിസ്റ്റന്റ് എഞ്ചിനീയർ |
| | 2400 | 43731 | 8150 | 23936 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക 2013-14 | 2014-15 | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-4 | 20475 | | ശ്രീ.പി.കെ സോമൻ ഹെഡ്മാസ്റ്റർ, കീച്ചേരി ഗവ.യു.പി.എസ് |
| | | 100000 | ശ്രീ. ഐസക് മോഹൻ , സെക്രട്ടറി |
| 3-5 | 25000 | - | ഷിബിൻഇ.പി, വി.ഇ.ഒ. കുലയിറ്റിക്കര |

| | | | |
|---|---|---|---|
| 3-7 | 71000 | - | ശ്രീ.ഐസക് മോഹൻ , സെക്രട്ടറി |
| 3-10 | 308257 | - | ശ്രീ.സതീഷ് കുമാർ എം ഡി , കൃഷി ഓഫീസർ |
| | | 329505 | ശ്രീ.സതീഷ് കുമാർ എം ഡി , കൃഷി ഓഫീസർ |
| 3-11 | 180000 | 160000 | ഡോ.സലീം കെ മാണിക്ക് ഫാൻ, വെറ്റിനറി സർജൻ |
| | 604732 | 589505 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഐസക് മോഹൻ , സെക്രട്ടറി | സർവീസിൽ നിന്ന് വിരമിച്ചു | നെട്ടുമറ്റത്തിൽ, കടവന്ത്ര പി.ഒ., എറണാകുളം |
| ലാൽ പ്രസാദ് , അസിസ്റ്റന്റ് എഞ്ചിനീയർ , എൽ.എസ്.ജി.ഡി | ലഭ്യമല്ല | ശ്രീശൈലം TR.42 , താനംപാടം റോഡ് പടമുഗൾ , കാക്കനാട് |
| പ്രദീപ് പി അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി | ലഭ്യമല്ല | ശിവശ്രീ, നോർത്ത് ഗേറ്റ് എം.എൽ.എ റോഡ് വൈക്കം |
| സതീഷ് കുമാർ എം ഡി , കൃഷി ഓഫീസർ | ലഭ്യമല്ല | സൗഭാഗ്യ , ചെമ്മൻതട്ട (പി.ഒ.) കേച്ചേരി , തൃശ്ശൂർ - 680501 |
| സിബിൻ ഇ പി വി.ഇ.ഒ , കുലയിറ്റിക്കര | ലഭ്യമല്ല | എളുകാട് , സൗത്ത് പറവൂർ |
| ഡോ.സലീം മാണിക്ക്ഫാൻ , വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ, ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് | Kanakfulayge , rammed , മിനിക്കോയ് ഐലൻഡ് കേന്ദ്ര ഭരണപ്രദേശം ലക്ഷദ്വീപ് പിൻ - 682559 |
| പി.കെ.സോമൻ , ഹെഡ് മാസ്റ്റർ , ഗവ.യു.പി.എസ് , കീച്ചേരി | ലഭ്യമല്ല | പീടികപ്പറമ്പിൽ , പെരുംതുരുത്ത് വീട് , കോട്ടയം |
| ശുഭ കെ നായർ ഐ.സി.ഡി.എസ് സൂപ്പർവൈസർ | ലഭ്യമല്ല | എലെച്ചിയിൽ , കണയന്നൂർ, ചോറ്റാനിക്കര പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.ഇ.പി.(1)1339/98/12.11.98 | |
| 1997-98 | എൽ.എഫ്.ഇ.പി.(2)82/99 | |
| 1998-99 (പദ്ധതി ചെലവ്) | എൽ.എഫ്.ഇ.പി.(4)1142/99/7.9.2000 | |
| 1998-99 (പദ്ധതി യിതര | എൽ.എഫ്.ഇ.പി.(4)1142/99/7.9.2000<br>എൽ.എഫ്.ഇ.പി 380/2000 /8.12.2000 | |

| | | |
|---|---|---|
| ചെലവ്) | | |
| 1999-00 | എൽ.എഫ്.ഇ.പി.(3)1258/01/ 8.10.2002 | |
| 2000-01 | എൽ.എഫ്.ഇ.പി.(4)60/03/ 1.9.2003 | |
| 2002-03 | എൽ.എഫ്.ഇ.പി. (4)637/04/ 10.2.2005/3..305 | |
| 2004-05 | എൽ.എഫ്.ഇ.പി.(6)1263/09 / 27.11.2010 | |
| 2005-06 | എൽ.എഫ്.ഇ.പി.(6) 1264/ 09/ 4.12.2010 | |
| 2006-07 | എൽ.എഫ്.ഇ.പി.(6)1265/09 /4.12.2010 | |
| 2007-08 | എൽ.എഫ്.ഇ.പി.(6)1266/09/ 4.12.2010 | |
| 2008-09 | എൽ.എഫ്.ഇ.പി.( 6) 1661/11/ 21.7.12 / 10.8.12 | |
| 2009-10 | എൽ.എഫ്.ഇ.പി.( 6)1671/2011/ 21.7.12/ 10.8.12 | |
| 2010-11 & 2011-12 | എൽ.എഫ്.ഇ.പി.( 6)813/13/ 22.6.13/ 5.7.13 | |
| 2012-13 | എൽ.എഫ്.ഇ.പി.( 6)489/ 14/ 17.5.14 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം എറണാകുളം

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2013-14

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, എന്നിവ അനുസരിച്ച്, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാന്റേർഡുകൾ അവലംബിച്ച് ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2013-14വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുള്ളതുപോലെ 2,400/- രൂപയുടെ വരവു നഷ്ടവും, 43,731/- രൂപയുടെ ചെലവു നഷ്ടവും, 6,34,732/- രൂപയുടെ തടസ്സവാദവും ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14 വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994ലെകേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, 2003ജൂൺ 12 ലെ 319/03/ഫിൻ.നം.ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം - 2

## ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2014-15

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, എന്നിവ അനുസരിച്ച്, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാന്റേർഡുകൾ അവലംബിച്ച് ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുള്ളതുപോലെ 8,150/- രൂപയുടെ വരവു നഷ്ടവും, 23,936/- രൂപയുടെ ചെലവു നഷ്ടവും, 5,89,505/- രൂപയുടെ തടസ്സവാദവും ഒഴികെ, എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക അമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, 2003ജൂൺ 12 ലെ 319/03/ഫിൻ. നം. ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം എറണാകുളം